

# കാർമ്മലധ്വനി

CARMEL PROVINCE
**MUVATTUPUZHA**

www.cmicarmel.org
www.mail@cmicarmel.org
carmelprovince

# 2018



# കർമ്മലധ്വനി

**News Bulletin of CMI Carmel Province**

**മൂവാറ്റുപുഴ സി.എം.ഐ. കാർമ്മൽ പ്രവിശ്യയുടെ**
**ഔദ്യോഗിക വാർത്താപത്രിക**

**നവംബർ 2018**

# ഉള്ളടക്കം

പ്രൊവിൻഷ്യാളച്ചന്റെ സന്ദേശം ..........03
സാമൂഹ്യസേവന വകുപ്പ്..........05
Carmel Provincial House ..........07
Carmel Monastery Vazhakulam..........12
L.F. Monastery Koduvely ..........20
M.D. Monastery Kothamangalam..........23
Vimalalayam, Korandakkad ..........25
Carmel Novitiate House Neriamangalam..........27
Jyothi Nivas, Thodupuzha ..........30
P. S. Monastery, Vazhithala ..........33
Calvary Mount Monastery..........37
Deepthi Bhavan, Adimaly..........39
Nirmalgram Ashram, Chenkara..........42
Nirmalgram Welfare Centre Bhoothathankettu..........44
Santhigram Welfare Centre, Paremavu..........44
St. Joseph's Carmel House, Vattavada..........50
St. Mary's Ashram, Kaithappara..........50
Jyothidarsana, Pulluvazhy..........51
Sanjo CMI Bhavan, Malur..........52
St.mary's CMI Catholic Ashram, Patiala ..........52
ധർമ്മാരാം വാർത്തകൾ ..........53
International News
Netherland ..........55
USA ..........55
New York..........56
Rome ..........57

# സന്ദേശം...



പ്രളയവും പ്രകൃതിക്ഷോഭവും വരുത്തി വച്ച ദുഃഖദുരിതങ്ങൾ കണ്ടവരും കേട്ടവരും അനുഭവിച്ചവരുമാണ് നാം. ഈ നൂറ്റാണ്ട് ദർശിച്ച ഏറ്റവും വലിയ വേദനയായിരുന്നു അത്. മരണങ്ങളും ഭവനനാശങ്ങളും സ്വത്തു നഷ്ടങ്ങളും സമ്മാനിച്ച ദീനരോദനങ്ങളും നാം നേരിൽ കണ്ടറിഞ്ഞു. അതോടൊപ്പം ഉണർന്നെഴുന്നേറ്റ കേരളജനതയുടെ കർമ്മശേഷിയും ഐക്യാദാർഢ്യവും ജീവത്യാഗമനോഭാവവും സാമൂഹ്യപ്രതിബന്ധതയും നാം തിരിച്ചറിയുകയും ചെയ്തു. ജാതി മത ഭേദമെന്യേ, സാമൂഹ്യരാഷ്ട്രീയ ഹ്യസ്വതകൾക്കപ്പുറത്ത് കേരളസമൂഹം പങ്കുവച്ച സാഹോദര്യത്തിന്റെ പെരുമ ലോകമെങ്ങും വാനോളം പ്രകീർത്തിക്കപ്പെട്ടു. അതോടൊപ്പം ചില കോണുകളിൽ നിന്ന് ഒരു ചോദ്യവും ഉയർന്നുകേട്ടു. ആപത്തുകൾ വരണമോ ഇവിടെ ഐക്യവും സ്നേഹവും പങ്കുവയ്ക്കാൻ? അതില്ലാത്തപ്പോഴും ഇതൊക്കെ ഉണ്ടായിക്കൂടെ?

ഒരിക്കൽ ഒരാൾ ചോദിച്ചു, മനുഷ്യശരീരത്തിലെ ഏറ്റവും ശ്രേഷ്ഠമായ ഭാഗം ഏതാണ്? ശ്രോതാക്കളുടെ ഉത്തരങ്ങൾ ഒന്നും അയാൾക്ക് സ്വീകാര്യമായില്ല. അവസാനം അദ്ദേഹം തന്നെ ഉത്തരം പറഞ്ഞു "നമ്മുടെ ഇടതു തോൾ" എന്തുകൊണ്ട് എന്ന ചോദ്യത്തിനും ശ്രോതാക്കളുടെ ഉത്തരം ശരിയായില്ല. അദ്ദേഹം പറഞ്ഞു "ദുഃഖിക്കുന്ന എന്റെ ഒരു സ്നേഹിതനെ ഞാൻ എന്നോടു ചേർത്തു കെട്ടിപ്പിടിച്ച് നിർത്തുമ്പോൾ അവൻ മുഖമമർത്തി പൊട്ടിക്കരയാനുള്ള എന്റെ ശരീരഭാഗം എന്റെ ഇടതു തോളാണ്". അതുകൊണ്ട് എന്റെ ശരീരത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഭാഗം എന്റെ ഇടതുതോൾ തന്നെ.

ദരിദ്രരേയും ബന്ധിതരേയും അടിച്ചമർത്തപ്പെട്ടവരേയും ഒക്കെ ഏറ്റെടുക്കാനായിട്ടാണ് യേശു രംഗപ്രവേശനം ചെയ്യുന്നതുതന്നെ (ലൂക്കാ 4:17). സാഹോദര്യം എപ്രകാരമാണ് പങ്കുവയ്ക്കേണ്ടത് എന്നും യേശു പറഞ്ഞുതരുന്നുണ്ട് (ലൂക്കാ.10:25-37). ഫ്രാൻസീസ് പാപ്പാ വൈദികരെ ഓർമ്മപ്പെടുത്തുന്നുണ്ട് - "പാവപ്പെട്ടവർ സുവിശേഷത്തിന്റെ ഹൃദയത്തിലാണ്" എന്ന്. ജനങ്ങളുടെ കാഴ്ചപ്പാടിലും അവരുടെ കുറ്റങ്ങളിലും ആഴത്തിൽ നീങ്ങിയ യേശുവിനെപ്പോലെയാകണം എന്ന്." നമ്മുടെ അഭിഷേകം അനുഭവിച്ചറിയുവാൻ, സഹനവും രക്തച്ചൊരിച്ചിലും അന്ധതയുമൊക്കെയുള്ള പ്രാണങ്ങളിലേക്ക് ഇറങ്ങിച്ചെല്ലണം" എന്ന്.

നമ്മുടെ പ്രവിശ്യയുടെ "രജതജൂബിലി" ആഘോഷിക്കാൻ നാം ഒരുങ്ങുകയാണല്ലോ. ജൂബിലി തിരിയുടെ വെളിച്ചവും അനുഗ്രഹപ്രാർത്ഥനയുടെ ശബ്ദവും ജൂബിലി പതാകയുടെ ദർശനവും നമ്മുടെ ഒരുക്കങ്ങളെ ത്വരിതപ്പെടുത്തുന്നുണ്ട്. അതോടൊപ്പം ഏശയ്യാ പ്രവാചകന്റെ ശബ്ദം നമ്മെ അസ്വസ്ഥരാക്കേണ്ടതുമുണ്ട്. "നിങ്ങളുടെ ഉപവാസം എനിക്ക് വേണ്ട. നിങ്ങളുടെ സ്വരം ഉന്നതത്തിൽ എത്താൻ ഇത്തരം ഉപവാസം ഉപകരിക്കുകയില്ല. ഇത്തരം ഉപവാസമാണോ ഞാൻ ആഗ്രഹിക്കുന്നത്? വിശക്കുന്നവനുമായി ആഹാരം പങ്കുവയ്ക്കുകയും, ഭവനരഹിതനെ വീട്ടിൽ സ്വീകരിക്കുകയും നഗ്നനെ ഉടുപ്പിക്കുകയും ചെയ്യുന്നതല്ലേ അത്" (ഏശ. 58:1-10). നമ്മുടെ സാമൂഹ്യപ്രതിബദ്ധതയുടെ ആവിഷ്ക്കാരമായി നാം നിശ്ചയിച്ചിരിക്കുന്ന പദ്ധതികൾ പൂർത്തീകരിക്കാൻ നമുക്ക് തീവ്രതയോടെ കൈകൾ കോർക്കാം. അപ്പോൾ മിക്കാപ്രവാചകന്റെ ചോദ്യത്തിനുള്ള ഉത്തരം നമുക്കും ലഭിക്കും. "കർത്താവിന്റെ മുമ്പിൽ എന്ത് കാഴ്ചയാണ് ഞാൻ കൊണ്ടുവരേണ്ടത്? നീതി പ്രവർത്തിക്കുക, കരുണ കാണിക്കുക"(മിക്കാ. 6:6-8).

മനുഷ്യർക്ക് വല്ലതും ചെയ്തുകൊടുത്തുകൊണ്ട് നമുക്ക് കർത്താവിന് വഴിയൊരുക്കുന്നവരാകാം. അയൽക്കാരന് വഴിയൊരുക്കുന്നവരാകാം. അയൽക്കാരന് വഴി അടച്ചിട്ട് ദൈവത്തിന് എങ്ങനെവഴി തുറക്കും? വഴിയടയ്ക്കലല്ല; വഴിതടയലല്ല; വഴി ഒരുക്കലാണ് നമുക്ക് ചെയ്യാനുള്ളത്. കൂടപ്പിറപ്പുകളേ, യേശുവിന്റെ പിന്നാലെയുള്ള കാർമ്മൽ പ്രവിശ്യയുടെ തീർത്ഥാടനം, വി. ചാവറപിതാവിന്റെ സാമൂഹ്യദർശനത്തിന്റെ സാക്ഷാത്കാരമാകട്ടെ. നമ്മുടെ ഇടത് തോളുകൾ കണ്ണുനീർ കൊണ്ട് നനയട്ടെ.

എന്റെ ഈ വർഷത്തെ വിദേശയാത്രയിൽ എന്റെ ഓർമ്മകളിൽ തിളങ്ങി നില്ക്കുന്നത് ഇക്വഡോറും ബ്രസീലുമാണ്. എല്ലായിടങ്ങളിലുമുള്ള ശുശ്രൂഷകൾ ശ്രേഷ്ഠമെങ്കിലും ഈ രണ്ടു രാജ്യങ്ങളിലെ നമ്മുടെ വൈദിക സഹോദരങ്ങളുടെ പ്രേഷിതപ്രവർത്തനങ്ങൾ ഏറെ പ്രശംസനീയമാണ്. കൂടുതൽ ആകർഷകവും അത്യന്തം ഫലസമൃദ്ധവുമാണ്. ആഗോളമിഷന് പ്രാധാന്യം കൊടുക്കുന്ന സഭയുടെ ദർശനത്തോട് ഉൾചേർന്നുകൊണ്ട് നമ്മുടെ ബിനോയി അച്ചനും സിജോ അച്ചനും അവിടെ പ്രദർശിപ്പിക്കുന്ന പ്രേഷിതതീഷ്ണത അവർണ്ണനീയമാണ്. ഈ രാജ്യങ്ങളിലുള്ള കാർമ്മൽ പ്രവശ്യയുടെ സാന്നിദ്ധ്യം അടുത്തവർഷം വിപുലപ്പെടുത്താനാകും.

നമ്മുടെ സാമൂഹ്യപ്രതിബദ്ധതയും പ്രേഷിതതീഷ്ണതയും നമ്മുടെ യേശു സാക്ഷ്യത്തിന്റെ തീവ്രമായ പ്രകാശനമാകട്ടെ. പരിശുദ്ധ കാർമ്മലമാതാവ് നമ്മെ എല്ലാവരേയും ധാരാളമായി അനുഗ്രഹിക്കട്ടെ.

**ഫാ. പോൾ പാറക്കാട്ടേൽ സി.എം.ഐ.**

പ്രൊവിൻഷ്യൽ

# സാമൂഹ്യസേവന വകുപ്പ്...

**കൈനകരിക്ക് ഒരു കൈത്താങ്ങ്**

വെള്ളപ്പൊക്കം മൂലം ദുരിതമനുഭവിക്കുന്ന കൈനകരിയെ സഹായിക്കുന്നതിനായി കാർമൽ പ്രവിശ്യയിലെ സ്കൂൾ-കോളേജുകൾ വഴി ശേഖരിച്ച സാധനസാമഗ്രികൾ അവിടെ എത്തിക്കാൻ സാധിച്ചു. പ്രൊവിഷ്യൽ, ഫാ.പോൾ പാറക്കാട്ടേൽ, സാമൂഹ്യവിഭാഗം കൗൺസിലർ ഫാ. മാത്യു മഞ്ഞക്കുന്നേൽ, ഫാ. ജിയോ, ഫാ. എബിൻ, ഫാ. ജോസ് കേളംപറമ്പിൽ എന്നിവരും ഈ യാത്രയിൽ പങ്കെടുത്തു. കൈനകരി ഭവനാംഗമായ ഫാ. തോമസ് ഇരുമ്പുകുത്തിയച്ചന് സാധനസാമഗ്രികൾ കൈമാറി. സുപ്പീരിയർ ഫാ. തോമസ് കല്ലുകുളം ഏവരേയും സ്വീകരിച്ച് സഹായത്തിന് നന്ദി പറഞ്ഞു. രണ്ടു ബോട്ടുകളിലായിട്ടാണ് ആലപ്പുഴ നിന്നും കൈനകരിയിലേക്ക് സാധനങ്ങൾ കൊണ്ടുപോയത്. സാമഗ്രികൾ സംഭാവനചെയ്ത സ്ഥാപനങ്ങൾക്ക് നന്ദി അർപ്പിക്കുന്നു.










**പാവങ്ങളുടെ പക്ഷം**

മൂവാറ്റുപുഴ ഭാഗത്തുള്ള കുഴിമറ്റം, മുട്ടിക്കൽ കോളനികൾ കേന്ദ്രമാക്കി അറുപതോളം കുടുംബങ്ങൾക്ക് വെള്ളപ്പൊക്കത്തെതുടർന്ന്, ഭക്ഷണസാമഗ്രികളും മറ്റ് ആവശ്യസാധനങ്ങളും കുട്ടികൾക്ക് പഠനസാമഗ്രികളും സാമൂഹ്യവകുപ്പിന്റെ നേതൃത്വത്തിൽ നല്കുകയുണ്ടായി.





**ദളിതരുടെ പക്ഷം ചേർന്ന്**

കെ.സി.ബി.സിയും സി.എം.ഐ സഭയും ഒത്തുചേർന്ന് നിർമ്മിക്കുന്ന ദളിതർക്കുള്ള 100 വീടുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. കാർമൽ പ്രവിശ്യയുടെ കീഴിൽ 16 വീടുകളുടെ നിർമ്മാണം ഇടുക്കി-കോതമംഗലം രൂപതകളിലായി പ്രവിശ്യയിലെ വിവിധ ഭവനങ്ങളുടെ മേൽനോട്ടത്തിലും സംഭാവനയിലും നടന്നുവരുന്നു. സാമൂഹ്യസേവനവകുപ്പിന്റെ കീഴിലാണ് ഈ പ്രോജക്ട് നടപ്പാക്കുന്നത്. ഡിസംബർ 31 നോടുകൂടി എല്ലാ വീടുകളും പൂർത്തിയാക്കാൻ പരിശ്രമിക്കുന്നു.





**പ്രകൃതി ദുരന്തനിവാരണം : 2018**

സാമൂഹ്യസേവനവകുപ്പിന്റെ ആഭിമുഖ്യത്തിൽ പ്രകൃതി ദുരന്തനിവാരണ പദ്ധതികൾ നടത്തിവരുന്നു. ഭവനനിർമ്മാണം, വീടുകളുടെ കേടുപാടുനീക്കൽ, സ്വയം തൊഴിൽ പദ്ധതി, പഠനസഹായം, ചികിത്സാപദ്ധതി, കാർഷിക പുനരുദ്ധാരണം, ബോധവൽക്കരണം എന്നീ മേഖലകളിലാണ് പദ്ധതികൾ ആവിഷ്കരിക്കുന്നത്. അതാത് സ്ഥാപനത്തോടും ഭവനത്തോടും ചേർന്നുള്ള ആളുകളുടെ ആവശ്യങ്ങളെ കണ്ടെത്തി സഹായിക്കുക എന്നതാണ് പ്രധാനമായും ഉദ്ദേശിക്കുന്നത്.

## Go Green

ഹരിതപദ്ധതിയുടെ ഭാഗമായി കാൽവരിമൗണ്ട് ഹൈസ്കൂളിലെ പച്ചക്കറി പരിപാലനത്തിന് ഗ്രോബാഗുകൾ വിതരണം ചെയ്തു. വിപുലമായി പച്ചക്കറികൾ കാൽവരി യു.പി. സ്കൂളിലും ഹൈസ്കൂളിലും നട്ടുവളർത്തി പരിപാലിക്കുന്നു. അഭിനന്ദനങ്ങൾ.

## CEVA

സേവയുടെ ആഭിമുഖ്യത്തിൽ ഇടുക്കി മേഖലയിൽ പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി സെക്രട്ടറി ഫാ. വർഗീസ് കോക്കാടനും ഫാ. മാത്യു മഞ്ഞക്കുന്നേലിനോടൊപ്പം വിവിധ സ്ഥലങ്ങൾ സന്ദർശിച്ചു. സ്ത്രീകളുടെ ഉന്നമനം, സ്വയം തൊഴിൽ പദ്ധതി എന്നിവയെ മുൻനിറുത്തിയാണ് പ്രോജ്കടുകൾ ഉദ്ദേശിക്കുന്നത്. സേവയുടെ എക്സിക്യൂട്ടീവ് മീറ്റിംഗിലും ജനറൽ ബോഡി മീറ്റിംഗിലും ഫാ. മാത്യു പങ്കെടുത്തു.

**കാർമൽ ജൂബിലി സാമൂഹ്യപദ്ധതികൾ**

കാർമൽ പ്രൊവിൻസിന്റെ 25-ാം വർഷ ജൂബിലിയോടനുബന്ധിച്ച്, 25 ഭവനങ്ങളും പഠനസ്കോളർഷിപ്പും വിവാഹ സഹായവും ചെയ്യുവാൻ തീരുമാനിച്ചു. നമ്മുടെ ഭവനങ്ങൾക്ക് ചുറ്റുമുള്ള പാവപ്പെട്ടവർക്ക് ഈ സഹായം എത്തിക്കുക എന്ന ലക്ഷ്യത്തോടെ ആയിരിക്കും ഈ പദ്ധതി നടപ്പാക്കുക. ഗുണഭോക്താക്കളെ ഇതിനായി കണ്ടെത്തി അപേക്ഷ നൽകേണ്ടതാണ്.

**ഫാ.മാത്യു മഞ്ഞക്കുന്നേൽ സി.എം.ഐ**

# CARMEL PROVINCIAL HOUSE

**വിദേശപര്യടനം-കാനോനിക സന്ദർശനം**

കാനോനികാ സന്ദർശനത്തിന്റെ ഭാഗമായി ബഹു.പ്രൊവിൻഷ്യാളച്ചനും സുപ്പീരിയർ അച്ചനും ബിനോയി അച്ചനും വിദേശത്തുള്ള നമ്മുടെ മിഷനറി അച്ചൻമാരെ സന്ദർശിക്കുകയും റിന്യൂവലിൽ പങ്കെടുത്ത് തിരിച്ചെത്തുകയും ചെയ്തു. ജർമ്മനി, റോം, ഫ്രാൻസ്, നെതർലാൻഡ്, ഇക്വഡോർ, ബ്രസീൽ, അമേരിക്ക എന്നീ രാജ്യങ്ങളാണ് സന്ദർശിച്ചത്.

പ്രവിശ്യാ ഭവനത്തിലേക്ക് രണ്ട് ശെമ്മാച്ചൻമാർ കൂടി എത്തിച്ചേർന്നു. 1-ാം വർഷ യോഗാർത്ഥികളുടെ അസി.റെക്ടർ ആയി നിതിൻ ശെമ്മാച്ചനും ഡിഗ്രി പഠനത്തിനായി ഡേവിസ് ശെമ്മാച്ചനും ജോജി ശെമ്മാച്ചനും പ്രാവിശ്യ ഭവനത്തിൽ എത്തിച്ചേർന്നു. ബ്ര. ഡേവിസ് നിർമ്മല കോളേജിലും ബ്ര. ജോജി തൃശൂർ ചേതനകോളേജിലും ബോട്ടണി, മീഡിയ വിഷയങ്ങളിൽ പഠനമാരംഭിച്ചു.

**കേറണമോ വേണ്ടയോ എന്ന് ശങ്കിച്ച്...**



കേരളം കണ്ട ഏറ്റവും വലിയ വെള്ളപ്പൊക്കത്തിന് നമ്മുടെ പ്രാവിശ്യ ഭവനവും സാക്ഷിയായി ആസ്പിരന്റ് ഹൗസും മരിയ ഭവനും കീഴടക്കി മുന്നേറിയ മലവെള്ളം പ്രാവിശ്യാ ഭവനത്തിന്റെ മുറ്റത്ത് എത്തിനോക്കി പിൻവാങ്ങി. മരിയ ഭവനിലെയും ആസ്പിരന്റ് ഹൗസിലെയും അംഗങ്ങളും പക്ഷി മൃഗാദികളും ഏതാനും ദിവസത്തേയ്ക്ക് പ്രാവിശ്യാ ഭവനത്തിൽ അഭയാർത്ഥികളായി. പുഴക്കരയിൽ നിന്നും 10 അടിയോളം വെള്ളം ഉയർന്നു.

**റിന്യൂവൽ 2018**

കാർമൽ പ്രൊവിൻസിലെ റിന്യൂവൽ പ്രോഗ്രാം വളരെ വിജയകരമായി രണ്ടു സെക്ഷനുകളായി നടന്നു. 90 പേർ ഇതിൽ പങ്കെടുത്തു. വിവിധ രംഗങ്ങളിൽ പ്രവർത്തിക്കുന്നവരുടെ അനുഭവങ്ങളും പ്രതികരണങ്ങളും ഇതിൽ ഉൾപ്പെടുത്തിയിരുന്നു.





**മുങ്ങിയ കേരളത്തിന് ഒരു കൈത്താങ്ങായി പ്രവിശ്യാ ഭവനവും.**

വെള്ളപ്പൊക്കത്തിൽ എല്ലാം നഷ്ടപ്പെട്ട അനേകം കുടുംബങ്ങൾക്ക് സാമൂഹ്യക്ഷേമവകുപ്പ് കൗൺസിലർ ബഹു.മാത്യു മഞ്ഞക്കുന്നേൽ അച്ചന്റെ നേതൃത്വത്തിൽ കുട്ടനാട്, മൂവാറ്റുപുഴ, ഇടുക്കി, കാലടി തുടങ്ങിയ ഒട്ടേറെ പ്രളയ ബാധിത പ്രദേശങ്ങളിലേയ്ക്ക് ഭക്ഷണ സാധനങ്ങളും വസ്ത്രങ്ങളും നിത്യോപയോഗ സാധനങ്ങളും വിതരണം ചെയ്തു.






**വീണ്ടും സ്കൂളിലേയ്ക്ക്**

മാധ്യമരംഗത്തെ നൂതനസാധ്യതകൾ പഠിക്കുവാനും കണ്ടെത്തുവാനുമായി ബഹു.ജെയ്സനച്ചൻ Neo School of Film Institute ലേയ്ക്ക് യാത്രയായി. അച്ചന് എല്ലാവിധ ആശംസകളും.

**ഗോ ഗ്രീൻ–ഗോ വാട്ടർ**

വെള്ളം പൊങ്ങി പ്രാവിശ്യ ഭവനത്തിൽ വൻ കൃഷിനാശം. ആറ്റുനോറ്റ് ആറ്റിന്റെ തീരത്ത് ജോയിയച്ചൻ വളർത്തിയിരുന്ന മഞ്ഞൾ, ഇഞ്ചി, കൂർക്ക, പയർ, പാവൽ, വെണ്ട, കോവൽ, എന്നീ പച്ചക്കറികളും ജയ, വിജയ, ക്വിന്റൽ, സുവർണ്ണ, വെള്ളായനി–ഹ്രസ്വ തുടങ്ങിയ അമൂല്യ കപ്പശേഖരവും അരുൺ, കനക, സോനാ, ശ്രീലത, ശ്രീകല തുടങ്ങിയ ചെറുകിഴങ്ങുകളും വെള്ളപ്പൊക്കത്തിൽ നശിച്ചു. എങ്കിലും വെള്ളപ്പൊക്കത്തെ അതിജീവിച്ചുകൊണ്ട് ഹരിതപദ്ധതികളുമായി മുന്നേറുന്നു.



**വിദേശ മിഷനറിമാർ സ്വദേശത്ത്**

ഫാ.ജിനോ വേങ്ങൂരാൻ, ഫാ. ഐസക് അരിയ്ക്കാപ്പിള്ളിൽ, ഫാ. സാജു ആലാനിക്കൽ, ഫാ. തോമസ് പൂക്കാട്ട്, ഫാ.പീറ്റർ ആക്കപ്പടി, ഫാ. തോമസ് പിട്ടാപ്പിള്ളി എന്നിവർ കേരള സന്ദർശനത്തിനായി വന്ന് അവധി ക്കാലം ചെലവഴിച്ച് തിരിച്ചുപോയി.

**സുപ്പീരിയേഴ്സ് മീറ്റിംഗ്**

സെപ്റ്റംബർ 11-ാം തീയതി കാർമ്മൽ പ്രവശ്യയിലെ സുപ്പീരിയേ ഴ്സിന്റെയും സ്ഥാപനമേലധികാരികളുടെയും മീറ്റിംഗ് നടന്നു. വെള്ളപ്പൊ ക്കത്തിന്റെയും പ്രകൃതി ദുരന്തങ്ങളുടെയും പശ്ചാത്തലത്തിലാണ് ഈ മീറ്റിംഗ് അടിയന്തിരമായി വിളിച്ചുചേർത്തത്. ദുരിതാശ്വാസ പ്രവർത്തനങ്ങ ളിൽ പങ്കുചേർന്ന എല്ലാവർക്കും നന്ദി പറയുകയും തുടർപരിപാടി കൾക്കായി സംഭാവനകൾ സമാഹരിച്ച് സാമൂഹ്യസേവനവകുപ്പുവഴി സഹായങ്ങൾ തുടരുവാൻ തീരുമാനിക്കുകയും ചെയ്തു.




**പുതിയ പ്രവർത്തന മേഖലയിലേക്ക്...**

ഫാ. ജോർജ് കല്ലിങ്കക്കുടി അമേരിക്കയിലെ തന്റെ അജപാലന സേവനം പൂർത്തിയാക്കി നാട്ടിലേക്ക് തിരികെവന്നു. ഇപ്പോൾ കൊടുവേലി യിലേക്ക് ഭാവി പ്രവർത്തനങ്ങൾക്കായി പോയി.

**സോണൽ മീറ്റിംഗ്**

ആഗസ്റ്റ് 9-ാം തീയതി വൈകിട്ട് മൂവാറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് സോണൽ സമ്മേളനം നടന്നു. നെസ്റ്റ് ഡയറക്ടർ റവ.ഫാ. ജോർജ് കാരക്കുന്നേൽ സന്ദേശം നൽകി. തുടർന്ന് പതിവുപോലെ അത്താ ഴവും വിശേഷങ്ങൾ പങ്കുവയ്ക്കലും നടന്നു.




**മരിയൻഭവൻ**

മരിയഭവൻ അംഗമായി ഫാ.ജോർജ് കല്ലറയ്ക്കൽ കോതമംഗലം ആശ്രമത്തിൽ നിന്നും എത്തിച്ചേർന്നു. ഇവിടുത്തെ 4-ാം മത്തെ അംഗമായ ജോർജ്ജച്ചൻ ഇപ്പോൾ കൂടുതൽ ആരോഗ്യവാനാണ്.

**അഭിനന്ദനങ്ങൾ**

- ഗിരിജ്യോതി പ്രിൻസിപ്പൽ ജോലിയോടൊപ്പം എം.ബി.എ ബിരുദം കരസ്ഥമാക്കിയ ഫാ. ബിജു വെട്ടുകല്ലേലിന് അഭിനന്ദനങ്ങൾ.
- ഭാരതിയാർ യൂണിവേഴ്സിറ്റിൽ നിന്നും കംപ്യൂട്ടർ സയൻസിൽ ഡോക്ടറേറ്റ് നേടിയ ഫാ.ബോബി തളികപ്പറമ്പിലിന് അഭിനന്ദനങ്ങൾ.
- ഫിലിപ്പൈൻസിൽനിന്നും സൈക്കോളജിയിൽ ഡോക്ടറേറ്റ് നേടിയ ഫാ.രാജേഷ് തോലാനിക്ക് അഭിനന്ദനങ്ങൾ. ഫാ.രാജേഷ് ബാംഗ്ലൂർ ക്രൈസ്റ്റ് കോളേജിൽ തന്റെ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.
- റോമിൽ ഉന്നതപഠനം നടത്തി സഭാചരിത്രത്തിൽ ഡോക്ടറേറ്റ് നേടിയ ഫാ.സിബി കാവാട്ടിന് അഭിനന്ദനങ്ങൾ.
- ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദാനന്തരബിരുദം നേടിയ ഫാ.ബിനോയി പാലക്കുഴയിൽ, ഫാ.ജിയോ കോക്കണ്ടം, ഫാ. ജിബിൻ അച്ചാരുകുടി എന്നിവർക്ക് അഭിനന്ദനങ്ങൾ.

## ST. JOSEPH'S MINOR SEMINARY, MUVATTUPUZHA

**റെക്ടറച്ചൻ തിരക്കിലാണ്....**

സെമിനാരിക്ക് പുതിയ രൂപവും ഭാവവും നൽകുന്ന തിരക്കിലാണ് റെക്ടറച്ചൻ. പുനർനിർമ്മാണം നടത്തിയ ബാത്തറുമും ടോയിലറ്റും കിച്ചനും തയ്യാർ.

**ബ്രദേഴ്സിന്റെ സ്വീകരണചടങ്ങ്...**

പുതിയ സഹോദരങ്ങളെ സ്വീകരിക്കാനായി റെക്ടറച്ചനും ജേഷ്ഠൻമാരും ഒരുങ്ങിനിൽക്കുകയാണ്. മാതാപിതാക്കളുടെകൂടെ എത്തിചേർന്ന 22 പേരെയും പൂച്ചെണ്ടും കത്തിച്ച തിരികളും സന്ന്യാസത്തിന്റെ പ്രതീകമായ കാവിമുണ്ടും നൽകി ആനന്ദത്തോടെ സ്വീകരിച്ചു.

**ജേഷ്ഠ സഹോദരങ്ങളുടെ യാത്ര.....**

തുടർപഠനത്തിനായി ജേഷ്ഠസഹോദരങ്ങൾ വാഴക്കുളം സെമിനാരിയിലേക്ക് യാത്രയായി. ഏറെ സ്നേഹത്തോടെയും വിഷമത്തോടെയുമാണ് അവരെ യാത്രയാക്കിയത്.

**പഠനത്തിന്റെ വഴിയിലൂടെ...**

പുതിയതായിവന്ന ബ്രദേഴ്സിന്റെ പഠനം ആരംഭിച്ചിരിക്കുന്നു. റെക്ടറച്ചനും ശെമ്മാശനും വൈദികരുമാണ് ക്ലാസ്സുകൾ നയിക്കുന്നത്. കലാപരിപാടികൾക്കായി എൽ.സി.എ യും ആരംഭിച്ചിരിക്കുന്നു.

**ആദ്യത്തെ വെള്ളക്കയറ്റം....**

ആദ്യമായി മഴ ശക്തിപ്പെട്ടുവന്നപ്പോൾ പന്നിക്കൂടുനിറയുവോളം വരെ വെള്ളം. പന്നിയെ റെക്ടറച്ചനും സംഘവും കഷ്ടപ്പെട്ട് സാഹസികമായി രക്ഷപ്പെടുത്തി

**ആശംസകൾ....**

സഹോദരരുടെ ജന്മദിനവും ഫീസ്റ്റും റെക്ടറച്ചന്റെ നേതൃത്വത്തിൽ മധുരപലഹാരങ്ങൾ നൽകിയും വിഭവസമൃദ്ധമായ സദ്യ ഒരുക്കിയും ആഘോഷിച്ചു

**റെക്ടറച്ചന്റെ പിറന്നാൾ.....**

ഇതുവരെ പ്രൊവിഷ്യൽ ഹൗസിലെ ഏറ്റവും ചെറുപ്പക്കാരനായ ഞങ്ങളുടെ റെക്ടറച്ചന് ഒരു വയസ്സുകൂടി കൂടി. ശെമ്മാശന്റെയും എൽ. സി.എ.യുടെയും നേതൃത്വത്തിൽ എല്ലാവരുടെയും പങ്കാളിത്തത്തോടെ റെക്ടറച്ചന്റെ പിറന്നാൾ ഗംഭീരമായി ആഘോഷിച്ചു. ഒരു പെരുന്നാളിന്റെ ആഘോഷത്തോടെയും സന്തോഷത്തോടെയുമാണ് റെക്ടറച്ചന്റെ പിറന്നാൾ ദിനം ആഘോഷിച്ചത്.

**സ്വാതന്ത്രദിനവും വെള്ളപ്പൊക്കവും.....**

വീണ്ടുമൊരു വെള്ളപ്പൊക്കംകൂടി സ്വാതന്ത്ര്യദിനത്തിൽ എത്തി. ഇത്തവണത്തെ വെള്ളപ്പൊക്കത്തിൽ എല്ലാവരും ദുരിതമനുഭവിച്ചപ്പോൾ സെമിനാരിയും ദുരിതത്തിലായിരുന്നു റെക്ടറച്ചനും സംഘവും പ്രൊവിൻഷ്യൽ ഹൗസിലേക്ക് മാറുകയും വളർത്തുമൃഗങ്ങളെ സുരക്ഷിത സ്ഥലത്തേക്ക് മാറ്റുകയും ചെയ്തു. സെമിനാരി ചാപ്പൽ വരെ വെള്ളം കയറി. റെക്ടറച്ചനും സംഘത്തിനും മറക്കാനാവാത്ത അനുഭവമായിരുന്നു അത്.

**സെമിനാരി ക്ലീനിങ്ങ്....**

ഓണാവധി സമയത്ത് വളരെ കഷ്ടപ്പെട്ട് സെമിനാരിയും പരിസരവും ക്ലീനാക്കുന്ന തിരക്കിലായിരുന്നു റെക്ടറച്ചനും സംഘവും. വെള്ളപ്പൊക്കത്തിൽ കയറിവന്ന വെയ്സ്റ്റുകളും ചെളിയും ക്ലീനാക്കാൻ വളരെ കഷ്ടപ്പെട്ടു. എന്നാൽ റെക്ടറച്ചന്റെയും സംഘത്തിന്റെയും കഠിനമായ പരിശ്രമത്തിനൊടുവിൽ സെമിനാരി ഏകദേശം മുഴുവനായി ക്ലീൻ ചെയ്തു.

# CARMEL MONASTERY VAZHAKULAM
## ST. PETER'S MINOR SEMINARY

### മഴവിൽ കിരണങ്ങൾ മിന്നിമറഞ്ഞപ്പോൾ

സെമിനാരിയുടെ മഴവില്ലായി മിന്നിത്തിളങ്ങിക്കൊണ്ടിരുന്ന ഏഴ് കിരണങ്ങൾ പുത്തൻ വിതാനങ്ങൾ സ്വന്തമാക്കാനായി യാത്രയായി. പഠനത്തിലും കളിയിലും പ്രാർത്ഥനയിലും ജഗജില്ല കില്ലാടികളായിരുന്ന ഈ വീരന്മാരിൽ ബ്ര. ക്രിസ്റ്റോ CBSE +2 പരീക്ഷയിൽ 96 ശതമാനവുമായി സ്കൂൾ ടോപ്പറായി അനിയന്മാർക്ക് ആവുന്നത്ര മാതൃക നൽകിയാണ് പുതിയ ലോകത്തേക്ക് കാൽ വച്ചത്. ബാക്കിയുള്ള വീരശൂരപരാക്രമികളും ഒട്ടും പിറകിൽ അല്ലട്ടോ... ഒരു അടിപൊളി യാത്രയയ്പ്പിനുശേഷം കറുകുറ്റിയിൽ പുതിയ വെളിച്ചമാകുവാൻ ആ മഴവില്ല് നിറങ്ങളെ ഞങ്ങൾ യാത്രയാക്കി. ഞങ്ങളെ ഒരുപാട് സ്നേഹിച്ച ഈ പവിഴമുത്തുകളുടെ നവസന്യാസകാലഘട്ടത്തിന് എല്ലാ ഭാവുകങ്ങളും.





### നെട്ടൂരാനോടാണോടാ നിന്റെ കളി

പഠനത്തിലും പ്രവർത്തനങ്ങളിലും മാത്രമല്ല, കളിയിലും ഞങ്ങളത്ര ചില്ലറക്കാരല്ല. സെമിനാരിക്കാരുടെ ഇടയിലേക്ക് ഒരു സൗഹൃദമത്സരവുമായി കടന്നുവന്ന തേവര ആസ്പിരന്റ്സ് ഞങ്ങളുടെ വീറും വാശിയും കണ്ട് അടിപതറിപ്പോയി. എന്തുപറയാൻ. അച്ചന്മാരുമായി മാച്ച് വച്ചപ്പോഴും ജയം ഇങ്ങോട്ടു തന്നെ. ഇതൊക്കെയെന്ത്? അലക്സ് പേഴനാലിന്റെ കോച്ചിങ്ങിന്റെ ബലത്തിൽ അടുത്ത മാച്ചിനായി ഞങ്ങൾ കാത്തിരിക്കുകയാണ്. ഒരു വമ്പൻ കുതിച്ചുചാട്ടത്തിനായി.



**പത്തരമാറ്റുള്ള പത്ത് ചുണക്കുട്ടന്മാർ**



ഇപ്പോൾ സ്വർണ്ണത്തിന് പത്തരമാറ്റുണ്ടോ എന്നൊന്നും ഞങ്ങൾക്കറിയില്ല. എന്നാൽ പുതിയ പത്ത് മിടുക്കന്മാർക്ക് പത്തരമാറ്റാണ്. എല്ലാ മേഖലകളിലും പതിനെട്ട് അടവുകളും പയറ്റി ഇനി എവിടെ കഴിവ് തെളിയിക്കണം എന്ന് തിരക്കി നടക്കുന്ന ഞങ്ങളുടെ ഛോട്ടാ ഭായിമാർക്ക് എല്ലാ ആശംസകളും.

**Welcome to Ooty Via Waynad**

നമ്മുടെ ജഗതിച്ചേട്ടൻ പറഞ്ഞതല്ലേ എന്നാൽ പിന്നെയങ്ങ് പോയിക്കളയാം എന്ന് വിചാരിച്ച് ഞങ്ങളും വിട്ടു ഊട്ടിപ്പട്ടണം കാണാൻ. ഊട്ടി മാത്രമല്ലട്ടോ.. വയനാടുമുണ്ടേ... കാലമെത്ര കഴിഞ്ഞാലും ഊട്ടി പഴയ ഊട്ടി തന്നെ. തണുപ്പാണ് തണുപ്പ്. പക്ഷേ ഞങ്ങൾക്കതത്ര ഏശിയില്ല. കാരണം ഞങ്ങളുടെ ആവേശച്ചൂടിന്റെ മുമ്പിൽ ഇതൊന്നും ഒന്നുമല്ല എന്നതാണ് വാസ്തവം.

**ഒരു പഴയ സെമിനാരിക്കഥയല്ല... ഒരു പുതിയ സെമിനാരിക്കഥ**

പുതുമകൾ എന്നും സ്വാഗതം ചെയ്യുന്ന സെമിനാരിയിൽ ഈ വർഷം പുതുമകളോടെ പെരുമഴയായിരുന്നു. പുതിയ വാഴത്തോട്ടം, മഞ്ഞൾ കൃഷി, പുതിയ മീൻകുളം, കോഴിക്കൂട്, പുതിയ ഹാംസ്റ്റർ കുട്ടന്മാർ എന്നിങ്ങനെപോകുന്നു. പുതുമകൾ ആഗ്രഹിക്കാത്തവരായി ആരാ ഉള്ളത് അല്ലേ? സത്യത്തിൽ സെമിനാരി ഇപ്പോൾ മൊത്തത്തിൽ കളർഫുള്ളാ.

**സെമിനാരി അണിഞ്ഞൊരുങ്ങിയേ...**

എനിക്ക് വയസ്സായി സെമിനാരിക്കും വയസ്സായി എന്ന ചൊല്ല് തിരുത്തിക്കുറിക്കാനായി നമ്മുടെ സെമിനാരിയും മുഖം മിനുക്കി. ടൈൽസ് ഇട്ട് നമ്മുടെ സെമിനാരി ഇപ്പോൾ ആകെ ഒരു സുന്ദരിയായിരിക്കുന്നു. ഇപ്പോൾ കണ്ടാൽ ആരായാലും പറഞ്ഞുപോകും - ഇത് കിടുക്കി... പൊളിച്ചു... തകർത്തു...

**റെക്ടറച്ചൻ വേറെ ലെവലാ...**

ചില പാഠങ്ങൾ പഠിക്കാനും ചിലത് പഠിപ്പിക്കാനുമായി ബഹു. റെക്ടറച്ചൻ ഇൻഫന്റ് ജീസ്സസ് സ്കൂളിൽ നിന്നും നിർമ്മല കോളേജിലേക്ക് കളം മാറ്റി ചവിട്ടി. എന്നാലും ഞങ്ങളുടെ അടുത്തുള്ള അത്രയും സന്തോഷമൊന്നും അവിടെയില്ലട്ടോ... എന്തായാലും അച്ചൻ ഒരു നിസ്സാരക്കാരനല്ല എന്ന് തെളിയിച്ചിരിക്കുകയാണ്. കോളേജിലേയും സെമിനാരിയിലേയും വഴികാട്ടിയായ റെക്ടറച്ചന് എല്ലാ ആശംസകളും.

**കോളേജിലെ സകലകലാവല്ലഭൻ**

കോളേജിലെ മിടുമിടുക്കനായി, പള്ളിയുടെ ഊർജ്ജസ്വലനായ വികാരിയായി, സെമിനാരിയിലെ മാതൃകാപുരുഷനായി, ആശ്രമത്തിലെ നിറസാന്നിദ്ധ്യമായി എല്ലായിടത്തും തന്റെ കയ്യൊപ്പ് ചാർത്തുകയാണ് സിന്റോ അച്ചൻ. ഈ ഓട്ടത്തിനും തിരക്കിനുമിടയിലും അച്ചൻ ക്ഷീണിതനല്ലട്ടോ. അച്ചന് ഒന്നേ പറയാനുള്ളു. 'Don't underestimate the power of a carmalite' എന്താല്ലേ, ഇനിയും എന്തെല്ലാം കാണാൻ കിടക്കുന്നു.

**പൂരങ്ങളുടെ പൂരം**

സെമിനാരി പൂരങ്ങളുടെ പൂരമായ റെക്ടേഴ്സ് ഡേ ജനുവരിയിൽ ആഘോഷങ്ങൾക്കൊട്ടും കുറവില്ലാതെ കെങ്കേമമായി കൊണ്ടാടി. “ഏതൊരു ഭീരുവിനും ധീരനാകാൻ കാലം ഒരവസരം നല്കും” ഞങ്ങളിൽ പുതിയ ധീരന്മാർ പരിപാടികളിൽ നിറഞ്ഞാടിയപ്പോൾ... പിന്നെ എന്തു സംഭവിച്ചു എന്ന് പറയേണ്ടതില്ലല്ലോ? പ്രിയോർ ഡേയും കർമ്മലമാതാവിന്റെ തിരുനാളും ചാവറപ്പിതാവിന്റെ തിരുനാളും ഒട്ടും പകിട്ടു കുറയ്ക്കാതെ, എന്നാൽ കൂടുതൽ പകിട്ടോടെ തന്നെ ഞങ്ങൾ ആഘോഷിച്ചേ...



**ഇടയന്റെ പാതേ ഇടയന്റെ കൂടെ...**






ഇടയനെ അടുത്തറിയുവാനും അനുകരിക്കാനുമായി ബഹു. ജോൺസൺ പന്തലാനിക്കൽ അച്ചൻ വാർഷികധ്യാനം നടത്തി. ഇപ്പോൾ ഞങ്ങൾ നല്ല ഉഗ്രൻ പിള്ളേരാട്ടൊ. ഇതിനോടൊപ്പം ഡൊമിനിക് വാളന്മനാൽ അച്ചന്റെ ചൈതന്യമാർന്ന കൺവെൻഷനും അതോടൊപ്പം നമ്മുടെ തന്നെ അച്ചന്മാർ നയിക്കുന്ന മാസധ്യാനങ്ങളുമെല്ലാം ഞങ്ങളെ ഒത്തിരി മാറ്റി. ഇടയന്റെ പാതയിൽ ഇടയന്റെ ആട്ടിൻപറ്റത്തിനോട് ചേർന്ന് നടന്നു നീങ്ങുന്നു.

## കാർമ്മൽ പ്രെയർഗ്രൂപ്പ്

കാർമ്മൽ പ്രെയർ ഗ്രൂപ്പിന്റെ നേതൃത്വത്തിലുള്ള വിവിധ ശുശ്രൂഷകൾ ദൈവാനുഗ്രഹത്താൽ ഭംഗിയായി നടക്കുന്നു. ചൊവ്വാ, ഞായർ ദിവസങ്ങളിൽ നടക്കുന്ന ശുശ്രൂഷകളിൽ നിരവധിപേർ പങ്കെടുക്കുന്നു. കൂടാതെ വിവിധ സ്ഥലങ്ങളിലും ശുശ്രൂഷകൾക്ക് സഹായിക്കുന്നുണ്ട്.

ഈ വർഷത്തെ ബൈബിൾ കൺവെൻഷൻ ജനുവരി 10 ബുധൻ മുതൽ 14 ഞായർ വരെ നടന്നു. അണക്കര മരിയൻ ധ്യാനകേന്ദ്രത്തിന്റെ ഡയറക്ടർ ഫാ. ഡൊമിനിക് വാളന്മനാലും ടീമുമാണ് കൺവെൻഷൻ നയിച്ചത്. ഏകദേശം 20000 ത്തിലധികം പേർ ഗ്രൗണ്ടിലും അരലക്ഷം പേർ ഓൺലൈനിലും കൺവൻഷനിൽ പങ്കെടുത്തു.





പ്രളയദുരിതാശ്വാസപ്രവർത്തനങ്ങൾക്കായി പ്രെയർഗ്രൂപ്പ് അംഗങ്ങൾ ശേഖരിച്ച ഒരു ലക്ഷം രൂപ കൈനകരിയിൽ ചാവറ ഭവനത്തിലെത്തി നമ്മുടെ അച്ചന്മാരെ ഏല്പ്പിച്ചു.

## CARMEL CMI PUBLIC SCHOOL, VAZHAKULAM

**പുത്തൻപ്രതീക്ഷകളുമായി ഒരു പുതിയ അദ്ധ്യയനവർഷം**

മികവിന്റെ പുത്തൻപ്രതീക്ഷകളുമായി 2018 ജൂൺ 4-ാം തീയതി പുതിയ അദ്ധ്യയനവർഷം ആരംഭിച്ചു. 2125 വിദ്യാർത്ഥികളും 115 സ്റ്റാഫ് അംഗങ്ങളുമായി ആരംഭിച്ച അദ്ധ്യയനവർഷം കാർമ്മലിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ ശക്തിയാണ്. എൽ.കെ.ജി.യിൽ ഇത്തവണ 200 കുട്ടികൾ വിദ്യാരംഭം കുറിച്ചു.

**പഠനരംഗത്തെ മികവ്**

കാർമ്മലിന്റെ പഠനരംഗത്തെ മികവ് ഇക്കൊല്ലവും ആവർത്തിച്ചു. പത്താം ക്ലാസ്സിലും പന്ത്രണ്ടാം ക്ലാസ്സിലും 100% ഫസ്റ്റ് ക്ലാസ് വിജയം നേടി നമ്മുടെ കുട്ടികൾ തിളങ്ങി. പ്ലസ്ടുവിൽ 58 പേർ പരീക്ഷയെഴുതി. 50 പേർ ഡിസ്റ്റിംഗ്ഷൻ നേടി. പത്താം ക്ലാസ്സിൽ പരീക്ഷയെഴുതിയ 101 പേരിൽ 87 പേർക്ക് ഡിസ്റ്റിംഗ്ഷനുണ്ട്. പത്താം ക്ലാസ് പരീക്ഷയിൽ കാർമ്മൽ സ്കൂളിലെ സോണാ മാത്യു CBSE സെൻട്രൽ കേരള സഹോദയയുടെ ടോപ്പ് സ്കോറർ ആയി. അഭിനന്ദനങ്ങൾ.

**ബിഖിൽ അച്ചന് നന്ദി, ടോണിയച്ചന് സ്വാഗതം**

കഴിഞ്ഞ അദ്ധ്യയനവർഷം കാർമ്മലിൽ വൈസ് പ്രിൻസിപ്പൽ, ബർസാർ, ബോർഡിംഗ് റെക്ടർ എന്നീ നിലകളിൽ സ്തുത്യർഹമായ സേവനമർപ്പിച്ച റവ.ഫാ. ബിഖിൽ അരഞ്ഞാണിയിൽ കൊടുവേലി സാൻജോ സി.എം.ഐ. സ്കൂളിലേയ്ക്ക് സ്ഥലം മാറിപ്പോയി. അച്ചന്റെ

കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് കാർമ്മൽ കുടുംബത്തിന്റെ നന്ദി. പഞ്ചാബിൽ നിന്ന് പുതുതായി എത്തിച്ചേർന്ന വൈസ് പ്രിൻസിപ്പൽ റവ. ഫാ. ടോണി തോട്ടപാട്ട് സി.എം.ഐ.ക്ക് കാർമ്മലിലേയ്ക്ക് സ്വാഗതം!

**വ്യക്തിത്വവികസന സെമിനാറുകൾ**

അദ്ധ്യയനവർഷത്തിന്റെ ആരംഭത്തിൽ തന്നെ വിദ്യാർത്ഥികളുടെ സമഗ്രവികസനം ലക്ഷ്യമാക്കി അഞ്ചാം ക്ലാസുമുതൽ 12-ാം ക്ലാസ്സുവരെയുള്ള കുട്ടികൾക്ക് വ്യക്തിത്വവികസന സെമിനാറുകൾ നടത്തപ്പെട്ടു. പ്രശസ്ത പരിശീലകൻ പ്രസാദ് ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

**സ്കൂൾ ഇലക്ഷനും Investiture Ceremonyയും**

കുട്ടികളുടെ നേതൃത്വവാസനവികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ജനാധിപത്യ പ്രക്രിയ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിനായി ആഘോഷമായ സ്കൂൾ തിരഞ്ഞെടുപ്പും Investiture Ceremony-യും നടത്തപ്പെട്ടു...

മീരാ പത്മകുമാർ ഈ വർഷത്തെ സ്കൂൾ ലീഡറായി തിരഞ്ഞെടുക്കപ്പെട്ടു. പ്രിൻസിപ്പൽ റവ.ഫാ. സിജൻ ഊന്നുകല്ലേൽ Investiture Ceremony യ്ക്ക് നേതൃത്വം നൽകി.







**രക്ഷകർത്താക്കളുടെ സമ്മേളനവും സെമിനാറും**







ഈ വർഷത്തെ രക്ഷകർത്താക്കളുടെ പൊതുസമ്മേളനവും സെമിനാറും ജൂലൈ 14-ാം തീയതി ശനിയാഴ്ച പ്രമുഖ ചാനൽ പ്രവർത്തകനായ ജോർജ് പുളിക്കൽ സാറിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. കാർമ്മൽ ഇൻഡോർ സ്റ്റേഡിയത്തിൽ നടത്തപ്പെട്ട പ്രൗഢഗംഭീരമായ ഈ സമ്മേളന

ത്തിൽ പുതിയ പി.റ്റി.എ. എക്സിക്യൂട്ടീവ് കമ്മറ്റിയംഗങ്ങളെ തെരഞ്ഞെടുത്തു. പ്രൊഫ. ജോസ് അഗസ്റ്റിൻ പുതിയ പി.റ്റി.എ. പ്രസിഡന്റായി സ്ഥാനമേറ്റു.






**കാർമ്മൽ കലോത്സവം – 2018**

കുട്ടികളുടെ കലാസാഹിത്യ കഴിവുകൾ വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആഘോഷമായ കലാമേള സംഘടിപ്പിക്കുകയുണ്ടായി. സ്കൂൾ തലത്തിൽ നടന്ന മത്സരങ്ങൾ ഉദ്ഘാടനം ചെയ്തത് പ്രസിദ്ധ മിമിക്രി ആർട്ടിസ്റ്റ് സാജൻ പള്ളുരുത്തിയണ്. വിജയികൾക്ക് മാനേജർ റവ. ഫാ. ജോർജ് തടത്തിൽ സമ്മാനദാനം നടത്തി.














## ക്ലാസ്സ് കൈയ്യെഴുത്തു മാസിക
































കുട്ടികളുടെ സാഹിത്യകലാഭിരുചികൾ പ്രോത്സാഹിപ്പിക്കുന്നതിനായി തയ്യാറാക്കിയ ക്ലാസ്സ് കൈയ്യെഴുത്തു മാസികകളുടെ പ്രകാശനം മൂവാറ്റുപുഴ നിർമ്മല കോളേജ് ചീഫ് ലൈബ്രേറിയൻ വാസുദേവൻ നമ്പൂതിരി നിർവഹിച്ചു. മികച്ച മാസികകൾക്കുള്ള അവാർഡുകളും അദ്ദേഹം വിതരണം ചെയ്തു.

**കാർമ്മൽ സ്പോർട്സ് അക്കാഡമി**

ദേശീയ അന്തർദേശീയ കായികതാരങ്ങളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച കാർമ്മൽ സ്പോർട്സ് അക്കാഡമി വിജയകരമായി മുന്നേറുന്നു. പ്രഗത്ഭരായ മൂന്നു പരിശീലകരുടെ നേതൃത്വത്തിൽ നൂറോളം കായികതാരങ്ങൾ പരിശീലനത്തിലാണ്. പത്തോളം ദേശീയ താരങ്ങൾ ഉൾക്കൊള്ളുന്ന അത്‌ലറ്റിക് ടിം വൻവിജയങ്ങൾ നേടുമെന്ന് പ്രതീക്ഷിക്കുന്നു.

**ദുരിതാശ്വാസത്തിന് ഒരു കൈത്താങ്ങ്**

കേരളത്തെ ബാധിച്ച മഹാപ്രളയത്തിൽ നിന്ന് കരകയറാനുള്ള ശ്രമങ്ങൾക്ക് ഒരു കൈത്താങ്ങായി കാർമ്മലിലെ കുരുന്നുകൾ രംഗത്തെത്തി. ഏകദേശം രണ്ടു ലക്ഷം രൂപയോളം വിലമതിക്കുന്ന സാധനങ്ങൾ സംഭരിച്ച് കുട്ടനാട് പ്രദേശങ്ങളിലേയ്ക്ക് കൊടുത്തയയ്ക്കുകയുണ്ടായി. കൂടാതെ കുട്ടികൾ സ്വരുക്കൂട്ടിയ രണ്ടുലക്ഷത്തി അറുപതിനായിരം രൂപ വിവിധ ദുരിതാശ്വാസ നിധികളിലേയ്ക്ക് സംഭാവനനൽകുന്നതിനും സാധിച്ചു.






**ജീവകാരുണ്യ പ്രവർത്തനങ്ങൾ**

വിദ്യാർത്ഥികൾ സ്വന്തം വീടുകളിൽ പാചകം ചെയ്ത് ചോറ് സ്കൂളിലെത്തിച്ച് നിരാലംബർക്ക് അന്നമേകുന്ന പദ്ധതി തുടർച്ചയായി എട്ടാംവർഷവും മുന്നേറുന്നു. കുട്ടികളിൽ മൂല്യബോധവും സാമൂഹ്യപ്രതിബദ്ധതയും വളർത്തുന്നതിനുള്ള ശ്രമമാണ് ഇത്തരം ഉദ്യമങ്ങൾ.

# L.F. MONASTERY KODUVELY

**യാത്രാ മംഗളങ്ങൾ**

കൊടുവേലി ആശ്രമത്തിലും ഇടവകയിലും നിറസാന്നിദ്ധ്യമായിരുന്ന ജിജോ ഉറുമ്പിലച്ചൻ തന്റെ ബി.എഡ് പഠനം പൂർത്തിയാക്കി തന്റെ പുതിയ കർമ്മമണ്ഡലമായ മലയിൽകീഴ് ആശ്രമത്തിലേക്ക് മാറി. കൊടുവേലി ഇടവകയുടെ സഹവികാരി, കെ.സി.വൈ.എം ഡയറക്ടർ തുടങ്ങിയ തലങ്ങളിൽ 2 വർഷക്കാലം സൺഡേ സ്കൂൾ വൈസ് പ്രിൻസിപ്പലായി നല്ല സേവനം ചെയ്തശേഷം ഉപരിപഠനത്തിനായി പ്രവശ്യഭവനത്തിലേക്ക് മാറിയ അബി താണിക്കലച്ചനും ആശ്രമാംഗങ്ങളും ഇടവക ജനങ്ങളും സ്നേഹോഷ്മളമായ യാത്രാശംസകൾ നേർന്നു. ഉറുമ്പിലച്ചനും അബിയച്ചനും നന്ദി.....

**സ്വാഗതം**

ആശ്രമത്തിലെ അംഗങ്ങളായി വന്നിരിക്കുന്ന ബിബിൻ അരോലിച്ചാലിനും, ജോർജ് കല്ലിങ്കക്കുടിയച്ചനും സ്വാഗതവും പ്രാർത്ഥനാശംസകളും നേരുന്നു.

**ആശ്വാസമായി**

പ്രളയ ദുരിതർക്ക് ആശ്വാസമായി കൊടുവേലി ഇടവകയിൽ നിന്ന് കെ.സി.വൈ.എം യുവജനങ്ങളും എ.കെ.സി.സി. യിലെ അംഗങ്ങളും പറവൂർ, ചെങ്ങന്നൂർ, എറണാകുളം എന്നീ സ്ഥലങ്ങളിൽ വെള്ളം കയറിയ വീടുകൾ വൃത്തിയാക്കി നൽകി. കെ.സി.വൈ.എം ഡയറക്ടർ ബിബിൻ അച്ചനും വെട്ടിക്കുഴിയച്ചനും നേതൃത്വം നൽകി.

**വാർഷികാഘോഷങ്ങൾ**

ഇടവകയിലെ ഭക്ത സംഘടനകളുടെയും സൺഡേ സ്കൂളിന്റെയും വാർഷികാഘോഷങ്ങൾ ജൂലൈ 3-ാം തീയതി ആഘോഷമായി നടത്തപ്പെട്ടു. നെയ്യശ്ശേരി വികാരി ജോർജ് നിരവത്തച്ചൻ മുഖ്യാതിഥി ആയിരുന്നു. കുട്ടികളുടെയും അമ്മമാരുടെയും യുവജനങ്ങളുടെയും കലാപരിപാടികൾ ആഘോഷത്തിന് മാറ്റുകൂട്ടി.

# SANJO CMI PUBLIC SCHOOL

**Opening Day**

പ്രൗഢഗംഭീരമായിരുന്നു ഈ അദ്ധ്യായനവർഷത്തിന്റെ ആരംഭം. പുത്തുനുടുപ്പും പുതുപുത്തൻ പ്രതീക്ഷകളും പ്രാർത്ഥനയുടെ മണിമുഴങ്ങുന്ന മനസ്സുമായി പുതുവർഷത്തിലെ പാഠ്യപ്രവർത്തനങ്ങൾക്ക് ജൂൺ 4-ാം തീയതി തുടക്കം കുറിച്ചു.

**ECA Inauguration & Investiture Ceremony**

പാഠ്യപ്രവർത്തനങ്ങളോടൊപ്പം തന്നെ പാഠ്യേതര പ്രവർത്തനങ്ങൾക്കും തുല്യപ്രാധാന്യം നൽകണമെന്ന ഉദ്ദേശ്യത്തോടെയും കുട്ടികളിൽ ഒളിഞ്ഞു കിടക്കുന്ന കലാവാസനകളെ കണ്ടെത്തി പരിപോഷിപ്പിച്ചെ

ടുക്കുന്നതിനും വേണ്ടിയുള്ള പാഠ്യേതരപ്രവർത്തനങ്ങളുടെ ഉദ്ഘാടനം 04.07.18 ബുധനാഴ്ച നടത്തപ്പെട്ടു. അന്നേ ദിവസം തന്നെ സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പിനു ശേഷമുള്ള സ്ഥാനാരോഹണ ചടങ്ങും സംഘടിപ്പിച്ചു. ചടങ്ങിൽ സ്കൂൾ മാനേജർ, ചാക്യാർക്കൂത്ത് കലാകാരൻ കലാപീഠം പ്രമോഷ്, ശ്രീ. ഷാജി വർഗ്ഗീസ് (HM IJHS Vazhakulam) തുടങ്ങിയവർ സന്നിഹിതരായിരുന്നു ചടങ്ങിനോടനുബന്ധിച്ച് ചാക്യാർ കൂത്തും നടത്തപ്പെട്ടു.



**പുതിയ വൈസ്പ്രിൻസിപ്പാളിന് സ്വീകരണം**

2018-19 അദ്ധ്യയനവർഷത്തിൽ സാൻജോയ്ക്ക് ഒപ്പമാകാൻ സ്നേഹസ്പർശമാകാൻ പുതിയ വൈസ് പ്രിൻസിപ്പാളായി ചുമതലയേറ്റ ഫാ. ബിഖിൽ അരിഞ്ഞാണിയിൽ സി.എം.ഐയെ സാൻജോ കുടുംബം സ്നേഹാദരങ്ങളോടെ സ്വാഗതം ചെയ്തു. ചടങ്ങിൽ സ്കൂൾ മാനേജർ റവ.ഫാ. തോമസ് മഞ്ഞക്കുന്നേൽ സി.എം.ഐ അദ്ധ്യക്ഷത വഹിച്ചു.

**പ്രതിഭാസംഗമം**

സാൻജോ സ്കൂളിനെ സംബന്ധിച്ചിടത്തോളം അതിന്റെ ചരിത്രത്താളുകളിൽ സുവർണ്ണലിപികളാൽ എഴുതിച്ചേർക്കപ്പെട്ട അദ്ധ്യയനവർഷമായിരുന്നു 2017-18. സി.ബി.എസ്.ഇ. 12-ാം ക്ലാസ്സ് പരീഷയെഴുതിയ 39 കുട്ടികളിൽ 8 പേർ ഫുൾ എ+ ഉം 36 പേർ ഡിസ്റ്റിംഗ്ഷനോടെയും 3 പേർ ഫസ്റ്റ് ക്ലാസോടെയും ഉന്നതവിജയം കൈവരിച്ച് ജില്ലയിലെ തന്നെ മികച്ച സ്കൂളായി മാറി.




**മാനേജർ ഡേ**

സ്കൂൾ അങ്കണത്തിൽ നിന്ന് കിന്റർഗാർട്ടൻ കുട്ടികൾ ബലൂണുകളുമായി അച്ചനെ സ്വാഗതമരുളി അസംബ്ലി ഹാളിലെത്തിച്ചു. തുടർന്ന് വിവിധ കലാപരിപാടികൾ ഈ ആഘോഷത്തിന് മാറ്റുകൂട്ടി.

**അദ്ധ്യാപക രക്ഷകർതൃസംഘടന പി.റ്റി.എ പൊതുയോഗം**

കാര്യക്ഷമായി പ്രവർത്തിക്കുന്ന പി.റ്റി.എ സാൻജോ സ്കൂളിന്റെ അഭിമാനമാണ്. ഈ വർഷത്തെ പി.റ്റി.എ പൊതുയോഗം ജൂലൈ 21 ശനിയാഴ്ച സംഘടിപ്പിച്ചു. യോഗത്തിൽ ശ്രീ. ജോർജ് പുളിക്കൻ സെമിനാർ നയിച്ചു.



**ആലപ്പുഴയ്ക്കൊരു കൈത്താങ്ങ്**



വെള്ളപ്പൊക്കക്കെടുതിയിൽ ദുരിതമനുഭവിക്കുന്ന കുട്ടനാട്ടിലെ ജനങ്ങൾക്ക് ആവശ്യസാധനങ്ങൾ വാങ്ങി നൽകി. 'കുട്ടനാടിനൊരു കൈത്താങ്ങ്' പദ്ധതിയിൽ സാൻജോയിലെ കുരുന്നുകളും പങ്കാളികളായി.

**സൗഹൃദദിന ആഘോഷം**

സൗഹൃദത്തെ സൂചിപ്പിക്കുന്ന മഞ്ഞക്കുപ്പായമണിഞ്ഞെത്തിയ കെ.ജി കുട്ടികളുടെ നേതൃത്വത്തിൽ ലോകസൗഹൃദ ദിനം ആചരിച്ചു. ഫ്രണ്ട്ഷിപ്പ് ബാൻഡ് കെട്ടിയും വിവിധ കലാപരിപാടികൾ അവതരിപ്പിച്ചും മഞ്ഞ നിറത്തിലുള്ള വിവിധ പലഹാരങ്ങൾ കൈമാറിയും സൗഹൃദ ദിനം വ്യത്യസ്തമായി മാറി.





**നല്ല ഭാഷ പദ്ധതി**

ദീപിക ദിനപത്രത്തിന്റെ നല്ല ഭാഷ പദ്ധതിയുടെ ഉദ്ഘാടനം ആഗസ്റ്റ് 9 ന് നടത്തപ്പെട്ടു.



**സ്വാതന്ത്ര്യ ദിനാഘോഷം**

സ്വാതന്ത്ര്യത്തിന്റെ 72-ാം പിറന്നാൾ ആഘോഷിക്കുന്ന വേളയിൽ സ്കൂൾ അങ്കണത്തിൽ പതാക ഉയർത്തുകയും വിവിധ കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു. ആഘോഷ പരിപാടികൾക്ക് സ്കൂൾ പ്രിൻസിപ്പാൾ ഫാ. ജോൺസൺ നേതൃത്വം നൽകി.



**Helping Hand**




കേരളക്കരയെയാകെ പിടിച്ചുലച്ച മഹാപ്രളയത്തിൽ ദുരിതമനുഭവിച്ചുകൊണ്ടിരിക്കുന്ന പറവൂർ -കൊച്ചാൽ നിവാസികൾക്ക് സാന്ത്വനമായി സാൻജോയുടെ കരങ്ങൾ. സ്കൂൾ മാനേജ്മെന്റിന്റെ നേതൃത്വത്തിൽ അദ്ധ്യാപകരും അനദ്ധ്യാപകരും ഒറ്റക്കെട്ടായി 5 വീടുകളും 4 കടമുറികളും വൃത്തിയാക്കി.

**സാൻജോ സ്കൂളിന് പുതിയ മുഖം**

സാൻജോ സ്കൂളിന്റെ മുഖച്ഛായ തന്നെ മാറ്റുന്ന പുതിയ ബ്ലോക്ക് നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിക്കുന്നു. നവംബർ ആദ്യവാരം തന്നെ പുതിയ ബ്ലോക്കിന്റെ ഉദ്ഘാടനം നടത്താം എന്ന ശുഭപ്രതീക്ഷയിലാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നത്.





# M.D. MONASTERY KOTHAMANGALAM

ആശ്രമാംഗങ്ങളെല്ലാവർക്കും സുഖം. പ്രായത്തേയും യുവത്വത്തെയും വെല്ലുവിളിച്ച് യോവാക്കിം അച്ചനും, എമ്മാനുവേൽ അച്ചനും പീറ്റർ ബ്രദറും മുന്നേറിക്കൊണ്ടിരിക്കുന്നു. എമ്മാനുവേലച്ചൻ ഉദരസംബന്ധമായ അസുഖത്തിന് ആശുപത്രിയിൽ ഒരു ഓപ്പറേഷന് വിധേയനായി. അദ്ദേഹം പൂർവ്വാധികം ആരോഗ്യവാനായി തീർന്നിരിക്കുന്നു.

**ഞങ്ങളുടെ മുത്താണ് സ്വത്താണ്**

ഞങ്ങളുടെ മുത്തായ ജോർജ് കല്ലറക്കൽ അച്ചൻ വിശ്രമജീവിത സൗകര്യാർത്ഥം മുവാറ്റുപുഴ മരിയ ഭവനിലേക്കു താമസം മാറ്റി. ആശ്രമാഗങ്ങളും ബ്രദറും അദ്ദേഹത്തെ സ്നേഹനിർഭരമായി യാത്രയാക്കി. അദ്ദേഹം അവിടെ സന്തോഷവാനായി താമസിക്കുന്നു.

**സ്വാഗതം കുഞ്ഞിക്കാറ്റേ**

ഞങ്ങളുടെ കൊച്ചച്ചനായ ഫാ. ജിജോ ഉറുമ്പിലിനെ ആശ്രമാംഗങ്ങളെല്ലാവരും ചേർന്ന് ഹൃദ്യമായി സ്വാഗതം ചെയ്തു. അദ്ദേഹത്തിന്റെ പാട്ടും

കലാഹൃദയവും യുവത്വവും ആശ്രമത്തിനും സ്കൂളിനും മുതൽക്കൂട്ടാവും

**Every Christian is a Missionary... Every Priest is a Visionary**

നമ്മുടെ പഞ്ചാബ് മിഷന്റെ ആരംഭകനായ ജയിംസ് കളപ്പുര അച്ചൻ വന്നതോടെ ആശ്രമത്തിന് കൂടുതൽ ഓജസ്സും തേജസ്സുമായി. അദ്ദേഹത്തിന് നല്ലൊരു സഹവാസം ആശംസിക്കുന്നു.

**ഹോ പ്രളയത്തിനെതിരെ**

പ്രളയക്കെടുതികളെ നേരിടാൻ ദുരിതാശ്വസ പ്രവർത്തനങ്ങളുമായി ആശ്രമത്തിലെ യുവത്തിടമ്പുകളായ ജെയ്സൺ അച്ചനും ഗിന്നിസ് അച്ചനും ജിജോ അച്ചനും മുൻപന്തിയിലുണ്ടായിരുന്നു. ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിച്ചും പ്രളയത്തിനിരയായവരെ ആശ്വസിപ്പിച്ചും അവർ സാമൂഹ്യ സേവനം നടത്തി. കളമശേരി HMT Colony School വൃത്തിയാക്കി പ്രവർത്തനസജ്ജമാക്കാൻ അവർ പോയിരുന്നു.

പരിയാരത്തുള്ള C.S.R ഉം കാലടി മങ്കുഴി പള്ളിയും വൃത്തിയാക്കുവാൻ അവർ പോയിരുന്നു ആശ്രമത്തിനടുത്ത് മഴക്കെടുതിയിൽ തകർന്ന വീട് പുനരുദ്ധരിക്കുവാൻ ആശ്രമം സഹായിച്ചു പ്രളയക്കെടുതിയിൽപ്പെട്ട ജവഹർകോളനിയിലെ കുട്ടികളെ textiles ൽ കൊണ്ടുപോയി ഓണക്കോടി എടുത്തുകൊടുത്തു.

**ആശ്രമദേവാലയം**

ആശ്രമദേവാലയ ശുശ്രൂഷകൾ ബഹു.പ്രിയോരച്ചന്റെ നേതൃത്വത്തിൽ ഭംഗിയായി മുന്നോട്ടു പോകുന്നു വേദപാഠ ക്ലാസ്സുകളുടെ വാർഷികാഘോഷം ഓഗസ്റ്റ് 12-ാം തീയതി നടത്തി. മികവു പുലർത്തിയ അധ്യപകരെയും വിദ്യാർത്ഥികളെയും ആദരിച്ചു.

**Fr. JBM UP School**

സ്കൂൾ കൂടുതൽ ശക്തിയോടെ മുന്നോട്ട് പോയികൊണ്ടിരിക്കുന്നു. ജൂൺ 1-ാം തീയതി നടത്തിയ പ്രവേശനോത്സവത്തോടെ ഈ അദ്ധ്യയന വർഷത്തെ പ്രവർത്തനങ്ങൾ ആരംഭിച്ചു. 150 ഓളം കുട്ടികൾ പുതിയതായി ചേർന്നു. എല്ലാവരെയും മാനേജർ അച്ചന്റെയും അധ്യപകരുടെയും പി. ടി.എ യുടെയും നേതൃത്വത്തിൽ സ്വീകരിച്ചു. എൽ.കെ.ജി യിലേക്ക് പുതിയതായി 48 കുട്ടികൾ ചേർന്നു.

**KTET, KTET, KTET**

Fr. JBM UP സ്കൂളിൽ പഠിപ്പിക്കുന്ന മൂന്ന് അച്ചൻമാരും Kerala Teacher's Eligiblity Test പാസ്സായി മികച്ച അദ്ധ്യാപനം നടത്തിക്കൊണ്ടിരിക്കുന്നു. Aided മേഖലയിലെ പാഠ്യപരമായ സംശയങ്ങൾക്ക് ഇവരെ സമീപിക്കാവുന്നതാണ്.

# VIMALALAYAM, KORANDAKKAD

**തിരുവിഴ കൊണ്ടാട്ടം**

കൊരണ്ടക്കാട് വിമലമാതാ ഇടവകയിൽ വിമലമാതാവിന്റെ തിരുനാൾ ആഘോഷിച്ചു. ജൂലൈ 9-ന് ആരംഭിച്ച തിരുനാൾ 14-ന് ബഹുമാനപ്പെട്ട ഫാ. ജിജോ ഉറുമ്പിലിന്റെ പ്രധാനകാർമ്മികത്വത്തിൽ നടന്ന ആഘോഷമായ വി. ബലിയോടെ അവസാനിച്ചു. ഫാ. ജിജോ ഉറുമ്പിൽ തന്നെ തിരുനാൾ സന്ദേശവും നല്കി.

**അണിഞ്ഞൊരുങ്ങി വിമലമാതാ**

കൊരണ്ടക്കാട് ദേശത്തിന്റെ തിലകക്കുറിയായി പരിലസിക്കുന്ന വിമലമാതാ പള്ളി അടിമുടി അണിഞ്ഞൊരുങ്ങിയിരിക്കുന്നു. പള്ളിയുടെ പ്രധാനഭാഗങ്ങളെല്ലാം കടഞ്ഞെടുത്ത തടികൊണ്ട് പൊതിഞ്ഞ് കമനീയമായിരിക്കുന്നു. വശ്യമായ ചുവർചിത്രങ്ങളോടെ അൾത്താരയും ബലിപീഠവും അണിഞ്ഞൊരുങ്ങിയപ്പോൾ ദൈവാലയത്തിന് സ്വർഗ്ഗീയമായ ഒരു സൗന്ദര്യം കൈവന്നു. ഇടവകജനങ്ങളുടെ കൂട്ടായ പങ്കാളിത്തത്തോടെ പള്ളി പുനരുദ്ധരിക്കാൻ നേതൃത്വം കൊടുത്തത് ഇടവക വികാരി ഫാ. ഷൈൻ മാതേയ്ക്കൽ സി.എം.ഐ. ആണ്.

**ജൂബിലിയുടെ നിറവിൽ വിമലാലയം യു.പി. സ്കൂൾ**

മൂന്നാറിന്റെ ഹൃദയം തൊട്ടറിഞ്ഞ് 50 പതിറ്റാണ്ട് പിന്നിട്ട് സുവർണ്ണ ജൂബിലി നിറവിൽ വിരാജിച്ച് കൊരണ്ടക്കാട് വിമലാലയം യു.പി. സ്കൂൾ അദ്ധ്യാപകർ തുടങ്ങി IPS ഉദ്യോഗസ്ഥരെ വരെ വാർത്തെടുക്കുന്നതിൽ വിമലാലയം യു. പി. സ്കൂൾ വഹിച്ച പങ്ക് അനന്യമാണ്. സുവർണ്ണ ജൂബിലി ആഘോഷങ്ങൾ 2017 മാർച്ച് 1, 2, 3 തീയതികളിൽ നടത്തപ്പെട്ടു. 2-ാം തീയതി പൂർവ്വവിദ്യാർത്ഥിസംഗമവും സംഘടിക്കപ്പെട്ടു. 3-ാം തീയതി ജൂബിലി ആഘോഷങ്ങൾക്ക് കർമ്മല ഗിരി Indoor Stadium -ൽ വർണ്ണാഭമായ തുടക്കം കുറിച്ചു. ആഘോഷ പരിപാടികൾക്ക് CMI Carmel Province Provincial Rev. Fr. Paul Parakkattel CMI മുഖ്യാതിഥിയും CMC Carmelagiri Province Provincial Sr. Alice Maria അദ്ധ്യക്ഷയും ആയിരുന്നു.

**Green Palace, Clean Palace**

റാണി കൊട്ടാരത്തിന്റെ ഗതകാല സ്മരണകൾക്ക് പുനർജനി. വശ്യമനോഹരമായ പൂന്തോട്ടങ്ങളും പച്ചക്കറിതോട്ടങ്ങളും പുനർജനിച്ചപ്പോൾ റാണി കൊട്ടാരം അതികമനീയമായി. സന്ദർശകരുടെ ഇഷ്ടകേന്ദ്രമായ വിമലാലയം Green Palace, Clean Palace ലേക്ക് ഏവർക്കും ഹൃദ്യമായ സ്വാഗതം.

**വിദ്യക്കൊപ്പം കലയും കായികവും**

വിദ്യാർത്ഥികളുടെ സമഗ്രമായ ഉന്നമനം ലക്ഷ്യമിട്ട് കർമ്മലഗിരിയുടെ തിരുമുറ്റത്ത് കലാസാഹിത്യ അക്കാഡമികൾ ഉദ്ഘാടനം ചെയ്യപ്പെട്ടു. ഇടുക്കി ഗിരിജ്യോതി സ്കൂൾ പ്രിൻസിപ്പൽ ഫാ. ബിജു വെട്ടുകല്ലേൽ സി.എം.ഐ. കലാസാഹിത്യ ശാഖകളെപ്പറ്റിയും അതിന്റെ പ്രാധാന്യത്തെക്കുറിച്ചും ചിന്തോദ്ദീപകമായ ഒരു പ്രഭാഷണം നൽകിക്കൊണ്ട് പുതിയ അദ്ധ്യയനവർഷത്തെ ECA, LCA ഉദ്ഘാടനം ചെയ്തു.

**ആരോഗ്യമാതാ തിരുവിഴാ**

വിമലാലയം ഇടവകദേവാലയത്തോടനുബന്ധിച്ചുള്ള ആരോഗ്യമാതാ കപ്പേളയിൽ ആരോഗ്യമാതാവിന്റെ തിരുനാൾ സെപ്റ്റംബർ 1 മുതൽ 8 വരെ നടത്തപ്പെട്ടു. തിരുനാളിനോടനുബന്ധിച്ച് 5 ദിവസത്തെ മരിയൻ കൺവെൻഷനും നടത്തപ്പെട്ടു. സെപ്റ്റംബർ 8 പ്രധാനതിരുനാൾ ദിനത്തിൽ ഫാ. കുര്യൻ പുത്തൻപുര സി.എം.ഐ. ആഘോഷമായ ദിവ്യബലി അർപ്പിച്ചു. ഫാ. വിനീത് വാഴേക്കുടി സി.എം.ഐ. തിരുനാൾ സന്ദേശം നൽകി.

**കേരളത്തിനൊരു കൈത്താങ്ങ്**

സമീപകാലത്തൊന്നും കേരളം കണ്ടിട്ടില്ലാത്ത സമാനതകളില്ലാത്ത പ്രളയക്കെടുതിയെ അഭിമുഖീകരിച്ചു. മൂന്നാറും പരിസരപ്രദേശങ്ങളും അതിന്റെ തിക്ത ഫലങ്ങൾ ഏറെ അനുവദിച്ചു. മാട്ടുപ്പെട്ടി ഡാം കരകവിഞ്ഞൊഴുകി. മൂന്നാർ ടൗൺ പ്രളയത്തിൽ മുങ്ങി. 1924-ന് ശേഷം കേരളം കണ്ട ഏറ്റവും വലിയ പ്രളയം ഇന്നും ഭീതിതമായ ഓർമ്മയായി നിലനിൽക്കുന്നു. എങ്കിലും കേരളം കരകയറുന്നു. കേരളത്തിന് ഒരു കൈത്താങ്ങാകാൻ കർമ്മലഗിരിയും കൈകോർത്തു. നമ്മുടെ സ്കൂളിലെ കുരുന്നുകൾ സ്വരുക്കൂട്ടിയ അവശ്യവസ്തുക്കളും പണവും സംസ്ഥാനത്തെ വിവിധ ഇടങ്ങളിലേയ്ക്ക് അയച്ച് കൊടുക്കുകയുണ്ടായി.

**അലിവിൻ നാഥൻ**

ധർമ്മാരാം കമ്യൂണിക്കേഷന്റെ ബാനറിൽ ഫാ. ജോയി കാക്കനാട്ട് സി.എം.ഐ. യും ഫാ. പ്രിൻസ് പരത്തിനാൽ സി.എം.ഐ. യും അണിയിച്ചൊരുക്കിയ പുതിയ സംഗീത ആൽബം “അലിവിൻ നാഥൻ” റിലീസ് ചെയ്തു. ഈ സംഗീത ആൽബത്തിൽ ഫാ. പ്രിൻസ് പരത്തിനാൽ ആലപിച്ച ‘മനപ്പാഠമാക്കിയ പ്രാർത്ഥനയും’ എന്ന ഗാനം യൂ ട്യൂബിൽ തരംഗമാകുന്നു.

# CARMEL NOVITIATE HOUSE
## NERIAMANGALAM

**പ്രളയം മഹാപ്രളയം**

കേരളത്തെ ഒന്നായി മുക്കിയ പ്രളയത്തിൽ നവസംന്യാസ ഭവനത്തിന്റെ താഴത്തെ നില ഭാഗികമായി വെള്ളത്തിലായി. നാടുമൊത്തം ഭീതിയിലാഴ്ന്നപ്പോഴും CNN ഒരു നോഹയുടെ പെട്ടകം പോൽ ഞങ്ങൾ 32 പേരേയും അൽപം ജീവജാലങ്ങളേയും സംരക്ഷിച്ച് നിർത്തി.





**ഞാനുമുണ്ട് ഭയപ്പെടേണ്ട!**

പേടിപ്പെടുത്തുന്ന ദൃശ്യങ്ങൾ ചുറ്റിലും നടക്കുമ്പോഴുള്ള 'Captain Cool' ആയി റെക്ടർ അച്ചൻ എല്ലാ കാര്യങ്ങളും കൈകാര്യം ചെയ്യുകയും പ്രാർത്ഥനയ്ക്കായ് ഞങ്ങളെ ഉത്തേജിപ്പിക്കുകയും ചെയ്തു. അച്ചന്റെ ദീർഘ വീക്ഷണമാണ് നാശനഷ്ടങ്ങൾ വൻതോതിൽ കുറയാൻ കാരണം.



**എനിക്കൊന്ന് കാണണം നോഹയുടെ പെട്ടകം!**

നേര്യമംഗലത്ത് 'നോഹയുടെ പെട്ടകം' എന്ന വാർത്ത കേട്ടതിന്റെ പിറ്റേന്ന് ബഹു. മാർ ജോർജ് മഠത്തികണ്ടത്തിൽ പിതാവ് ഞങ്ങളുടെ 'ദുരിതാശ്വാസ ക്യാമ്പിലേക്ക്' കടന്നുവരുകയും ഞങ്ങളെ ആശ്വസിപ്പിക്കുകയും ചെയ്തു.

**പ്രളയത്തിന്റെ സമ്മാനം**

വെള്ളം ഇറങ്ങിയപ്പോൾ പറമ്പിൽ മണ്ണടിഞ്ഞ് വൻ കൃഷിനാശം! പക്ഷേ ഇതിനെല്ലാം ഇടയിൽ ഒരു പന്നി സുഖമായി പ്രസവിച്ചു. 8 കുഞ്ഞുങ്ങൾ അതിൽ 7 എണ്ണവും ആരോഗ്യവാന്മാരായി ഓടിച്ചാടി പുതിയ ലോകം ആസ്വദിക്കുന്നു.

**ഒരിക്കലും മറക്കാനാവാത്ത Novitiate**

ഇതാണ് Novitiate. ദുരന്തത്തിന്റെ നടുവിലൂടെ ചിരിക്കാനും പ്രാർത്ഥിക്കാനും ഞങ്ങൾക്ക് ശക്തിപകർന്നത് ഞങ്ങളുടെ കൂട്ടായ്മയും ഞങ്ങളെ നയിക്കുന്ന അച്ചന്മാരുമായിരുന്നു. എല്ലാം കെട്ടടങ്ങി, വൃത്തിയാക്കി ഞങ്ങൾ സാധാരണ ജീവിതത്തിലേക്ക് വരുന്നു.

**ആർദ്രസ്നേഹത്തിന്റെ പൊൻതിളക്കം**

പ്രളയത്തിൽപ്പെട്ട ഞങ്ങളെ സന്ദർശിക്കാൻ വിവിധ ഹൗസിലേയും കൊവേന്തയിലേയും അച്ചന്മാർ വന്നത് ഏറെ ഹൃദയസ്പർശിയായിരുന്നു. റോഡുകൾ പുനഃസ്ഥാപിക്കുന്നതിനുമുമ്പ് അപകടം പിടിച്ചു വഴിയിലൂടെ സ്നേഹസന്ദേശവുമായ വന്ന അച്ചന്മാരേ, നിങ്ങളുടെ സ്നേഹത്തിനുമുമ്പിൽ ഞങ്ങൾ ശിരസ് നമിക്കുന്നു.

**ഒരു ഭവനം പോലെ ഒരു വർഷവും ഒരു വർഷം പോലെ ഓരോ ദിവസവും**

“കർത്താവിന്റെ മുമ്പിൽ ഒരു ദിവസം ആയിരം വർഷങ്ങൾ പോലെയും ആയിരം വർഷങ്ങൾ ഒരു ദിവസം പോലെയുമാണെന്ന് എന്ന കാര്യം നിങ്ങൾ വിസ്മരിക്കരുത്” എന്ന് പത്രോസ് ശ്ലീഹ പറഞ്ഞപ്പോൾ ഇത്രയും പ്രതീക്ഷിച്ചില്ലായിരുന്നു. 2017 -ലെ സെപ്റ്റംബർ 8-ാം തീയതിയും 2018 -ലെ സെപ്റ്റംബർ 8-ാം തീയതിയും തമ്മിലുള്ള ദൂരം ഇത്ര ചുരുങ്ങിയിരിക്കുമെന്ന് ഞങ്ങൾ ചിന്തിച്ചില്ല. പക്ഷേ, ഈശോയോടൊത്ത് അവിടുത്തെ സന്നിധിയിലിരുന്ന് കടന്നുപോയ ഓരോ ഭവനവും ഒരു വർഷത്തിന്റെയല്ല, ആയിരം വർഷങ്ങളുടെ സ്മരണകളാണ് ഞങ്ങൾക്ക് സമ്മാനിച്ചത്.

**അച്ചന്മാർക്കെല്ലാം സുഖം തന്നെ**

ഗുരുവച്ചൻ പണ്ട് എന്നതുപോലെ എപ്പോഴും പുഞ്ചിരിച്ചും പുഞ്ചിരി ഉണർത്തിയും CNN ന്റെ കപ്പിത്താനായി ഞങ്ങളെ നയിക്കുന്നു. CNN-ന്റെ പുതിയ കൊച്ചച്ചൻ ബിന്റോ അച്ചൻ പാട്ടുപാടിയും, ക്ലാസുകളെടുത്തും, കവിതചൊല്ലിയുമെല്ലാം ദൈവരാജ്യശുശ്രൂഷകളിലാണ്. ജോർജ്ജച്ചൻ ഇംഗ്ലീഷിൽ ക്ലാസ്സെടുക്കുമ്പോൾ മുവാറ്റുപുഴ സെമിനാരിയിൽ ഒരു അമേരിക്കൻ അനുഭൂതിയാണെന്ന ഖ്യാതി CNN-ലും എത്തിയിട്ടുണ്ട്. ശരീരവും ആത്മാവും മനസ്സും ചേർന്നതാണ് മനുഷ്യനെങ്കിൽ മനസ്സിനെമാത്രം പലപ്പോഴും നമ്മൾ പരിത്യജിക്കുന്നുവെന്ന തിരിച്ചറിവിൽ നിന്നും മാനസികവും ആത്മീയവും ശാരീരികവുമായ വളർച്ചയിൽ ഞങ്ങളെ കൈപിടിച്ചു നടത്തുകയാണ് സ്നേഹം നിറഞ്ഞ ബാസ്റ്റിനച്ചൻ.

## പാവനസ്മരണയ്ക്കു മുമ്പിൽ പ്രണാമം...



"നമുക്ക് അടിച്ച് പൊളിക്കണം" അതാണ് ഞാൻ അവസാനമായി ഞാൻ ബഹു. സൈമണച്ചനിൽ നിന്ന് കേട്ട വാക്കുകൾ. തന്റെ വിയോഗത്തിൽ തലേന്ന് വൈകുന്നേരം ശുശ്രൂഷിക്കാനെത്തിയ നോവിസിനോട് അദ്ദേഹം പറഞ്ഞവയാണ്.

ഒരു തൂലിക കൊണ്ട് ഒരു കീറ് പേപ്പറിൽ കുറിക്കാൻ പറ്റുന്ന ഒരു ജീവിതമല്ല സൈമണച്ചന്റേത്. ഒരുപാട് നന്മകൾ സമൂഹത്തിൽ വാരി വിതറി ഒരു പൂ കൊഴിഞ്ഞു വീഴുന്ന ലാഘവത്തോടെ അദ്ദേഹം നടന്നു നീങ്ങി. ആരോടും പരിഭവങ്ങളും പരാതികളുമില്ലാതെ കർമ്മം കൊണ്ടും ജീവിതം കൊണ്ടും മാതൃകയായ് ജീവിച്ച് പ്രാർത്ഥനയും പ്രവർത്തനവും ഇഴചേർന്ന ജീവിതം നയിച്ചു സൈമണച്ചൻ. എന്നും സന്ന്യാസ ജീവിത തീഷ്ണതയിൽ ജ്വലിച്ചിരുന്നു അദ്ദേഹം. സാമൂഹ്യജീവിതത്തിന്റെ മധുരിമ എന്നും ആവോളം നുകർന്നിരുന്നു. ആശ്രമ സമയക്രമങ്ങൾ വളരെ കൃത്യമായ് പാലിച്ചിരുന്ന ഈ ഗുരുവച്ചൻ സമൂഹങ്ങളെ എന്നും ജീവനായ് കുരുതി.

ജീവിതത്തിൽ ഒരിക്കലും വല്ല്യച്ചൻ എന്ന് വിളിക്കപ്പെടാൻ ആഗ്രഹിച്ചിരുന്നില്ല. ക്ഷീണിതനായ് അദ്ദേഹത്തെ കണ്ട് വേലാതിപ്പെട്ട ഒരു സഹോദരിയോട് 'ഇതൊക്കെ എല്ലാവർക്കും വരും' എന്ന് തിരിച്ചുപറയുമ്പോൾ അത് വിളിച്ചോതിയത് അദ്ദേഹത്തിന്റെ ശാന്തത നിറഞ്ഞ മനസിനെ ആയിരുന്നു.

85 വർഷത്തെ കറയില്ലാത്ത ജീവിതം വാക്കുകൾക്കപ്പുറത്ത് ജീവിതം പ്രസംഗിക്കുന്നുവെന്ന് തന്റെ ശിഷ്യഗണത്തെ തന്റെ ജീവിതം കൊണ്ട് പഠിപ്പിച്ചു. ഒട്ടേറെ യുവഹൃദയങ്ങളിൽ ദിശാബോധത്തിന്റെ വെട്ടം തെളിയിച്ചു. പരിശീലനത്തിന്റെ കാർക്കശ്യത, വിട്ടുവീഴ്ചയില്ലാത്ത തീരുമാനങ്ങൾ, നിശ്ചയദാർഢ്യം, ഇടവിടാതെയുള്ള പ്രാർത്ഥന, സംഘർഷങ്ങളിൽ പുഞ്ചിരിക്കാനുള്ള ആർജവം, സ്നേഹത്തോടെയുള്ള കരുതൽ-ഇതുപോലെ ഒരുപാട് പുണ്യങ്ങൾ നിറഞ്ഞ ഒരു ജീവിതയാത്രക്കുശേഷം സൈമണച്ചൻ യാത്രയായപ്പോൾ അദ്ദേഹവും ഉള്ളിൽ പറഞ്ഞിരിക്കണം "സഫലമീ ജീവിതം"

പ്രിയപ്പെട്ട ഗുരുവച്ചാ പ്രണാമം.

# JYOTHI NIVAS, THODUPUZHA

**കുമ്പസാരത്തിന്റെ മിഷനറിക്ക് വിട**

ദീർഘകാലത്തെ കുമ്പസാരശുശ്രൂഷ തൊടുപുഴയിലെ അനേകായിരങ്ങൾക്ക് നല്കിയ സംതൃപ്തിയോടെ ബഹു. കുര്യാക്കോസ് തുരുത്തിപ്പിള്ളി അച്ചൻ ജ്യോതിനിവാസ് അശ്രമത്തോട് വിടചൊല്ലി. ഹൃദ്യമായ യാത്രയയപ്പ് നല്കി പുതിയ മേച്ചിൽസ്ഥലമായ ചെങ്കര ധ്യാനസെന്ററിലേക്ക് അച്ചൻ സ്ഥലം മാറി. എല്ലാ മംഗളങ്ങളും നന്ദിയോടെ അറിയിക്കുന്നു.

**നവാഗതനായി ഫ്രാൻസിസ് അച്ചൻ**

ലാളിത്യജീവിതവും ദീർഘകാലത്തെ ആത്മീയ ശുശ്രൂഷയുടെ പരിചയസമ്പത്തുമായി ഫ്രാൻസിസ് കുടിയിരിക്കലച്ചൻ തൊടുപുഴ ജ്യോതിനിവാസ് ആശ്രമത്തിലേക്ക് എത്തിയിരിക്കുന്നു. സദാസമയവും കുമ്പസാരത്തിന് സംലഭ്യനായ ഫ്രാൻസിസ് അച്ചൻ ഇവിടുത്തെ ശുശ്രൂഷകൾക്ക് ഏറെ സഹായകമാണ്. സർവ്വവിധ ഭാവുകങ്ങളും ഏറെ സന്തോഷത്തോടെ നേരുന്നു.

## തിളങ്ങുന്ന ഉപാസന

ക്രിയാത്മകവും കാലോചിതവുമായ മാറ്റങ്ങൾ ഉപാസനയെ ശ്രദ്ധേയമാക്കുന്നു. മതവും-സംസ്കാരവും,ജീവകാരുണ്യവും-ആദ്ധ്യാത്മികതയും ഒന്നിച്ചിഴചേരുന്നു ഉപാസനയിൽ.

കുട്ടികളുടെയും യുവജനങ്ങളുടെയും വനിതകളുടെയും കർഷകരുടെയും സാഹിത്യകാരന്മാരുടെയും സംഗമവേദി. പ്രതിവാര പ്രസംഗങ്ങൾ/ദേശീയ-അന്തർദ്ദേശീയ ദിനാചരണങ്ങൾ/സാംസ്കാരിക സമ്മേളനങ്ങൾ/മതസൗഹാർദ്ദ സംഗമങ്ങൾ/സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ/ചാവറയച്ചനെ ലോകത്തിന് പരിചയപ്പെടുത്തുവാനുള്ള ശ്രമങ്ങൾ തുടങ്ങിയവ ഉപാസനയിൽ നടന്നുവരുന്നു.

**സ്വാതന്ത്ര്യദിന ആഘോഷം**

ഉപാസനയിലെ സ്വാതന്ത്ര്യദിന ആഘോഷത്തിൽ മുൻസിപ്പൽ ചെയർപേഴ്സൺ പതാക ഉയർത്തി സന്ദേശം നൽകി. ഡയറക്ടർ ഫാ. ഷിന്റോ കോലത്തുപടവിൽ സ്വാതന്ത്ര്യദിന പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.



**ഓണാഘോഷം**

കേരളത്തിന്റെ സാംസ്കാരിക തനിമയും മതസൗഹാർദ്ദവും വിളിച്ചോതുന്ന ഓണം, ഉപാസനയിൽ വിവിധ പരിപാടികളോടെ നടത്തപ്പെടുക

യുണ്ടായി. മുൻ മന്ത്രി ശ്രീ. പി.ജെ.ജോസഫ് എം.എൽ.എ. മുഖ്യാതിഥി ആയിരുന്നു. പൂക്കളമത്സരം, തിരുവാതിര, കുട്ടികളുടെ ശിങ്കാരിമേളം എന്നിവ ആഘോഷത്തിന്റെ മാറ്റുകൂട്ടി.

**അഖിലകേരള ചാവറ ക്വിസ് മത്സരം 18 ഒക്ടോബർ 2017**

ഉപാസനയുടെ ചരിത്രത്തിൽത്തന്നെ ആദ്യത്തേതാണ് ചാവറ ക്വിസ് മത്സരം. 120 ടീമുകൾ പങ്കെടുത്ത മത്സരം, കോതമംഗലം രൂപതാ അദ്ധ്യക്ഷൻ മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ ഉദ്ഘാടനം ചെയ്തു. ജനറൽ കൗൺസിലർ റവ. ഫാ. സാജു ചക്കാലക്കൽ അദ്ധ്യക്ഷത വഹിച്ചു. പ്രൊവിൻഷ്യൽ റവ. ഫാ. പോൾ പാറക്കാട്ടേൽ സമ്മാനദാനം നിർവ്വഹിച്ചു.

**ക്രിസ്തുമസ് പുതുവത്സര ആഘോഷം**

ഉപാസനയിൽ കരോൾഗാനമത്സരവും മതസൗഹാർദ്ദ ക്രിസ്തുമസ് -പുതുവത്സര ആഘോഷവും സംഘടിപ്പിച്ചു. ഈസ്റ്റ്കേരളമഹാ ഇടവക ബിഷപ്പ് വെരി. റവ. കെ. ജി. ഡാനിയേൽ മുഖ്യാതിഥി ആയിരുന്നു. റവ. ഫാ. തോമസ് പെരിയപുറം സന്ദേശം നൽകി.






**ചാവരുൾ 150-ാം വാർഷികം**

ഉപാസനയുടെ നേതൃത്വത്തിൽ ചാവരുളിന്റെ 150-ാം വാർഷികം നടത്തി. ആർച്ച് ബിഷപ്പ് മാർ കുര്യാക്കോസ് ഭരണികുളങ്ങര മുഖ്യാതിഥി ആയിരുന്നു. റവ. ഫാ. പോൾ പാറക്കാട്ടേൽ (പ്രൊവിൻഷ്യൽ) , റവ. സി. ഡോ. നവ്യമരിയാ CMC (പ്രൊവിൻഷ്യൽ) റവ. ഫാ. വിനീത് വാഴേക്കുടിയിൽ എന്നിവരുടെ മഹനീയസാന്നിദ്ധ്യം ഉണ്ടായിരുന്നു. റവ. ഫാ. വിൽസൺ തറയിൽ ചാവരുൾ സന്ദേശം നൽകി. ആഘോഷത്തോടനുബന്ധിച്ച് ചാവരുൾ ഫാമിലി ക്വിസ് നടത്തി.

**ഇഫ്താർസംഗമം**

ഉപാസനയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട ഇഫ്താർസംഗമം മതസൗഹാർദ്ദ വേദിയായി. ശ്രീ. പി.ജെ. ജോസഫ് എം. എൽ.എ. സമ്മേളനം ഉദ്ഘാ



ടനം ചെയ്തു. മുസ്ലീം സഹോദരന്മാരുടെ നേതൃത്വത്തിൽ സ്നേഹവിരുന്നും നോമ്പുതുറക്കലും നടത്തി.

**സമ്മർ ക്യാമ്പ്**




കുട്ടികളുടെ വ്യക്തിത്വവികസനത്തിന് ഉപകരിക്കുന്ന ഉപാസന സമ്മർക്യാമ്പ് വൻ വിജയമായിരുന്നു. ദീപിക കൊച്ചേട്ടൻ റവ. ഫാ. റോയി കണ്ണൻചിറ ക്യാമ്പ് ഉദ്ഘാടനം ചെയ്തു.

**ദുരിതാശ്വാസ പ്രവർത്തനങ്ങൾ**

വിവിധ ദുരിതാശ്വാസ ക്യാമ്പുകൾ ഉപാസനടീം സന്ദർശിച്ചു. ഭക്ഷണകിറ്റുകൾ വിതരണം ചെയ്തു. സാമ്പത്തിക സഹായം നൽകി. കുട്ടികൾക്കായി കൗൺസിലിംഗും ക്ലാസുകളും ദുരിതബാധിത സ്കൂളുകളിൽ സൗജന്യമായി നടത്തി.

## കാർമൽ IELTS സെന്റർ തൊടുപുഴ, മൂവാറ്റുപുഴ

**ബ്രിട്ടീഷ് കൗൺസിൽ എക്സാമിനർ ഇനി നമ്മുടെ അദ്ധ്യാപിക**

ബ്രിട്ടീഷ് കൗൺസിലിന്റെയും IDP യുടെയും എക്സാമിനറും ദില്ലി ബ്രിട്ടീഷ് കൗൺസിലിന്റെ IELTS trainer ഉം ആയ Mrs. Aprajita Matushila നമ്മുടെ തൊടുപുഴയിലുള്ള സ്ഥാപനത്തിൽ അദ്ധ്യാപികയായി ചാർജ്ജെടുത്തു. അവരുടെ സേവനം കാർമലിനെ വിജയത്തിന്റെ ഉയരങ്ങളിലേക്ക് എത്തിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**പുതിയ OET Center**

IELTS പോലെതന്നെ അന്താരാഷ്ട്രതലത്തിൽ അംഗീകരിക്കപ്പെട്ട ഭാഷാപ്രാവീണ്യ പരീക്ഷയാണ് OET. നമ്മുടെ തൊടുപുഴ കാർമലിൽ OET ക്ലാസുകൾ ആരംഭിച്ചു. അതിനുവേണ്ടി കോതമംഗലം ആശ്രമത്തിന്റെ കീഴിലുള്ള 300 sq.ft. സ്ഥലം വാടകയ്ക്കെടുത്ത് വിവിധ ക്ലാസ്സ് റൂമുകളായി തിരിച്ച് ശ്രദ്ധേയമായ ഒരു പഠനഗൃഹമാക്കാനുള്ള ജോലികൾ പുരോഗമിക്കുന്നു.

**പ്രളയ ദുരിതാശ്വാസം**

പ്രളയകാലത്ത് നമ്മുടെ രണ്ട് ഭാഷാ പഠനകേന്ദ്രങ്ങളുടെയും നേതൃത്വത്തിൽ മലയിഞ്ചി, ഉപ്പുതോട്, മണികണ്ഠൻ ചാൽ, മൂവാറ്റുപുഴ എന്നിവിടങ്ങളിലെ ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിക്കുകയും വിദ്യാർത്ഥികളുടെ സഹായത്തോടെ ഭക്ഷണം, വസ്ത്രം എന്നിങ്ങനെ 65000 രൂപയോളം സഹായം എത്തിക്കുകയും ചെയ്തു.

# P. S. MONASTERY, VAZHITHALA

**ശുഭയാത്ര – സ്വാഗതം**

മൂന്നുവർഷത്തെ ഡിഗ്രി പഠനവും ഒരു വർഷത്തെ റീജൻസിയും കൂടി നാലുവർഷത്തെ സ്തുത്യർഹസേവനത്തിനുശേഷം അഖിൽ കാപ്പൻ ശെമ്മാച്ചൻ മെയ്മാസം 22-ാം തീയതി ദൈവശാസ്ത്ര പഠനത്തിനായി ശാന്തിഗിരിയോടു വിടപറഞ്ഞു. മെയ് മാസം 26-ാം തീയതി അലക്സ് ശെമ്മാച്ചൻ BCA ഡിഗ്രി പഠനത്തിനായി ശാന്തിഗിരിയിൽ എത്തിച്ചേർന്നു.

**പുത്തൻ അദ്ധ്യയനവർഷത്തിൽ പുതിയ കൂട്ടുകാർക്ക് സ്വാഗതം**

ശാന്തിഗിരി കോളേജിന്റെ പുതിയ അദ്ധ്യയനവർഷം ജൂൺ 4-ാം തീയതി ആരംഭിച്ചു. വേനലവധിയിൽ ഉറങ്ങിക്കിടന്നിരുന്ന ക്യാംപസും പരിസരവും വീണ്ടും സന്തോഷത്തിന്റെ ഉണർവിലേക്ക്.

**പുത്തൻ ബസ്**

വിദ്യാർത്ഥികളുടെ യാത്രാ സൗകര്യം വർദ്ധിപ്പിച്ചുകൊണ്ട് ശാന്തിഗിരിയിലേക്ക് പുത്തനൊരു ബസുകൂടി എത്തിച്ചേർന്നു.

**യാത്രയായ് അവർ**

ശാന്തിഗിരി റിഹാബിലിറ്റേഷൻ ഇൻസ്റ്റിറ്റ്യൂഷനിൽ നിന്നും നാലു കൂട്ടുകാർ പുതിയ ജോലിക്കായി ബാംഗ്ലൂരിലേക്ക് യാത്രയായി. അവരുടെ സ്നേഹവും നനവുള്ള ഓർമ്മകളും ശാന്തിഗിരിക്കു സ്വന്തം.

**എല്ലായിടത്തും ഞങ്ങളുണ്ട്**

ശാന്തിഗിരി റിഹാബിലിറ്റേഷൻ ഇൻസ്റ്റിറ്റ്യൂട്ടിലെ 20 ഓളം പേർ College office, Santhigiri press, work shop തുടങ്ങിയ ഇടങ്ങളിൽ തങ്ങളുടെ സജീവ സാന്നിദ്ധ്യവും സന്നദ്ധതയും സംലഭ്യമാക്കുന്നു.

**കർമ്മല മാതാവേ... കനിവുള്ള...**

ജൂലൈ 16-ാം തീയതി പരിശുദ്ധ കർമ്മല മാതാവിന്റെ തിരുനാൾ ആഘോഷമായ ദിവ്യബലിയും അതിനുശേഷം മധുരപലഹാരവിതരണത്തോടും കൂടെ കൊണ്ടാടി. പുതിയ ഗായകസംഘത്തിന്റെ അരങ്ങേറ്റം വിശുദ്ധ കുർബാനയിലെ ആളുകളുടെ സജീവ ഭാഗഭാഗിത്വത്തെ സമ്പുഷ്ടമാക്കി.

**അമ്മയോടൊപ്പം വന്ദേ മാതരം...**

ഓഗസ്റ്റ് 15-ാം തീയതി പരിശുദ്ധ മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളും ഭാരതത്തിന്റെ സ്വാതന്ത്ര്യദിനവും കൊണ്ടാടി. ആഘോഷപൂർവ്വമായ വിശുദ്ധ കുർബാനയ്ക്കുശേഷം സുപ്പീരിയറച്ചൻ ഫാ. മാത്യു കളപ്പുര പതാക ഉയർത്തി. മധുരവിതരണത്തോടെ എല്ലാവരും സ്വഭവനങ്ങളിലേക്ക് മടങ്ങി.

**NSS ക്യാമ്പ് 2018**

ശാന്തിഗിരി കോളേജിന്റെ ഈ വർഷത്തെ NSS ക്യാമ്പ് ഓഗസ്റ്റ് 22 മുതൽ 28 വരെയുള്ള ദിനങ്ങളിൽ നടന്നു. Best Camper ആയി I BCA യിലെ സെബാസ്റ്റ്യൻ സോജനേയും Best worker ആയി നമ്മുടെ റിഹാബിലിറ്റേഷൻ ഇൻസ്റ്റിറ്റ്യൂട്ടിലെ I BBA യിലെ അലൻ മാത്യുവിനേയും ബഹു. അലക്സ് ബ്രദറിനേയും തിരഞ്ഞെടുത്തു. നമ്മുടെ അലക്സ് മച്ചാന് work ഒരു വീക്ക്നസാ...

**ഈ ജൂബിലിയിൽ ഒരു ഭവനം**

നമ്മുടെ പ്രൊവിൻസിന്റെ ജൂബിലിയോടനുബന്ധിച്ച് ശാന്തിഗിരിയുടെ നേതൃത്വത്തിൽ നെടിയശാല പള്ളി അതിർത്തിയിലുള്ള നെല്ലിക്കുന്നേൽ ബിജു മാത്യുവിന്റെ ഭവനനിർമ്മാണത്തിനായുള്ള സാമ്പത്തിക സഹായവും നൂറോളം NSS വോളന്റിയേഴ്സിന്റെ ശ്രമദാനവും നൽകുവാൻ തീരുമാനിച്ചു.

**അയ്യോ വെള്ളം കയറി...**

അടുക്കളയിൽ നമ്മെ സഹായിക്കുന്ന തോമസുചേട്ടന്റെ വീട്ടിലും അനുവാദമില്ലാതെ വെള്ളം കയറി. വെള്ളപ്പൊക്കദിനങ്ങളിൽ ചങ്ങനാശ്ശേരിയിലെ ദുരിതാശ്വാസ ക്യാമ്പ് അവർക്ക് വീടായി മാറി. പ്രളയത്തിൽ കേടുപാടുകൾ സംഭവിച്ച തോമസ് ചേട്ടന്റെ വീടിന്റെ അറ്റകുറ്റപ്പണികൾക്കായുള്ള സാമ്പത്തിക സഹായം നൽകുവാനുള്ള തീരുമാനം അതിവേഗം നടപ്പിലായി.

**Faculty Development Programme**

മെയ് 30, 31, ജൂൺ 1 തീയതികളിൽ ശാന്തിഗിരി കോളേജിന്റെ Faculty Development Programme നടത്തി. പുതിയ വർഷത്തേക്കു വേണ്ട ഒരുക്കങ്ങൾ, കർമ്മപദ്ധതി തയ്യാറാക്കൽ എന്നിവയോടൊപ്പം നടത്തിയ ചെറിയ വിനോദയാത്ര ഇതിനെ കൂടുതൽ നിറമുള്ളതാക്കി.

**ഞങ്ങൾക്കു ജോലി കിട്ടീ...**

ശാന്തിഗിരി കോളേജിൽ നിന്നും ക്യാമ്പസ് ഇന്റർവ്യൂകൾ വഴി 15-ഓളം കമ്പനികളിൽ 80 ഓളം കുട്ടികൾക്ക് ജോലി ലഭിച്ചു. Congratulations to All.

**ശാന്തിദൂത്**

കനിവില്ലാതെ പെയ്തിറങ്ങിയ കരിമേഘങ്ങളുടെ കുത്തൊഴുക്കിൽ കുതിർന്നുപോയ ഒരുപിടി ആളുകളെ പ്രതീക്ഷയുടെ തീരത്തേക്കടുപ്പിക്കുവാൻ കരുണയുടെ കരങ്ങളുമായി ശാന്തിഗിരി കോളേജ് ശാന്തിദൂതും പേറി യാത്രയായി. വെള്ളപ്പൊക്കം, മഴക്കെടുതി, ഉരുൾപ്പൊട്ടൽ തുടങ്ങിയ പ്രശ്നങ്ങളെ അതിജീവിക്കാൻ, ആളുകളെ സഹായിക്കുവാൻ 450 ഓളം

പേർ അടങ്ങുന്ന വിദ്യാർത്ഥി-അദ്ധ്യാപക-അനദ്ധ്യാപക-ദ്രുതകർമ്മസേന സജ്ജമായി. 7 മിഷനുകളുമായി പ്രവർത്തനമണ്ഡലത്തിലേക്കിറങ്ങിയ ശാന്തിദൂത് സന്നദ്ധ പ്രവർത്തകർക്ക് കാര്യക്ഷമമായ പ്രവർത്തനം കാഴ്ച വയ്ക്കുവാൻ കഴിഞ്ഞു.

**ശാന്തിദൂത് ഉദ്ഘാടനം**

17.08.2018 വെള്ളിയാഴ്ച മൂവാറ്റുപുഴ എബ്രാഹം എം.എൽ.എ. യുടെ അദ്ധ്യക്ഷത്തിൽ ആർ.ഡി.ഒ. തഹസിൽദാർ, ഫാ. ബോബി ആന്റണി, ജനറൽ കൺവീനർമാരായ ഫാ. ജിൻസ് പടിഞ്ഞാറയിൽ, ശ്രീ. തോമസ് പാറയ്ക്കൽ എന്നിവർ ചേർന്ന് ശാന്തിദൂത് ദുരിതാശ്വാസ പ്രവർത്തനപദ്ധതി രുപീകരിച്ചു. 21.08.2018 ചൊവ്വാഴ്ച എം.എൽ.എ. ശ്രീ. എൽദോ എബ്രാഹം, ആർ.ഡി.ഒ. ശ്രീ. അനിൽ കുമാർ, മുനിസിപ്പൽ ചെയർപേഴ്സൺ, തഹസിൽദാർ ശ്രീ. മധു, സി.എം.ഐ. മൂവാറ്റുപുഴ പ്രവിശ്യായുടെ പ്രവിശ്യാധിപൻ ഫാ. പോൾ പാറക്കാട്ടേൽ, ഫാ. മാത്യു മഞ്ഞക്കുന്നേൽ, ഫാ. മാത്യു കളപ്പുരയ്ക്കൽ, ഫാ. ബോബി ആന്റണി, ശ്രീ. തോമസ് പാറയ്ക്കൽ, ശ്രീ. അസ്സീസ് കുന്നപ്പിള്ളി എന്നിവരുടെ സാന്നിദ്ധ്യത്തിൽ ശാന്തിദൂത് ഉദ്ഘാടനം ചെയ്തു.

**ശാന്തിദൂത് ശുചീകരണ മിഷൻ**

വെള്ളപ്പൊക്കത്തിന്റെ പരിണിതഫലമായി ചെളിയും മാലിന്യങ്ങളും നിറഞ്ഞ് വാസയോഗ്യമല്ലാതായിത്തീർന്ന ഭവനങ്ങൾ, സ്ഥാപനങ്ങൾ തുടങ്ങിയവയുടെ ശുചീകരണം, ഉരുൾപൊട്ടലിൽ വീടിനകത്തും വീട്ടുമുറ്റത്തും പരിസരങ്ങളിലും വന്നു നിറഞ്ഞ ചെളിയും മണ്ണും മാലിന്യങ്ങളും നീക്കം ചെയ്യൽ തുടങ്ങിയവയായിരുന്നു ശാന്തിദൂത് ശുചീകരണ മിഷന്റെ ലക്ഷ്യം. മൂവാറ്റുപുഴ മുറിക്കൽ കോളനിയിലെ 20 ഓളം വീടുകൾ, ടൗൺഹാൾ, സമരിറ്റൻ വൃദ്ധമന്ദിരം, മൂവാറ്റുപുഴ ഗവൺമെന്റ് സ്കൂൾ, ചാലക്കുടിയിൽ പെരിയാറിന്റെ തീരത്ത് സ്ഥിതി ചെയ്യുന്ന ഭവനങ്ങൾ, ഇടുക്കി കരിമ്പനിൽ മണ്ണും മണലും നിറഞ്ഞുനിന്ന ഭവനങ്ങൾ, പരിസരങ്ങൾ തുടങ്ങിയ വൃത്തിയാക്കി ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്ന ആളുകളെ തിരിച്ച് വാസയോഗ്യമായ ഭവനങ്ങളിലെക്കെത്തിക്കാൻ മിഷന് സാധിച്ചു.

**ശാന്തിദൂത് കൗൺസിലിംഗ് മിഷൻ**

പ്രളയ ബാധിതരായവരുടെ മാനസികാവസ്ഥകൾ മനസിലാക്കാനും അവരെ സാന്ത്വനപ്പെടുത്താനുമായി ശാന്തിദൂത് കൗൺസലിംഗ് മിഷൻ മലയിഞ്ചി, പെരിങ്ങാശ്ശേരി, ഉപ്പുകുന്ന് തുടങ്ങിയ സ്ഥലങ്ങളിലെ ദുരിതാശ്വാസ ക്യാമ്പകുൾ, സ്കൂളുകൾ, ദുരിതബാധിതരുടെ ഭവനങ്ങൾ എന്നിവ സന്ദർശിച്ച് വ്യക്തിപരമായും പൊതുവായും മാർഗ്ഗനിർദ്ദേശങ്ങളും

കൗൺസലിംഗും നല്കി. നാല്പതോളം എം.എസ്.ഡബ്ല്യൂ വിദ്യാർത്ഥിക ളാണ് ഇതിനായി അണിനിരന്നത്. ക്യാമ്പുകളിൽ കഴിയുന്നവരെ പങ്കെടു പ്പിച്ചുകൊണ്ട് വിവിധ കലാപരിപാടികളും ഗെയിമുകളും കളിച്ച് ക്യാമ്പുക ളിൽ ഉന്മേഷവും പുത്തനുണർവ്വും പകർന്നു.

**ശാന്തിദൂത് ധനസമാഹരണ മിഷൻ**

ദുരിതബാധിതർക്ക് കൈത്താങ്ങാകുവാൻ വിദ്യാർത്ഥികളും അദ്ധ്യാപകരും മാനേജ്മെന്റും സന്നദ്ധ പ്രവർത്തകരും ചേർന്ന് 4.95 ലക്ഷം രൂപയുടെ പണവും സാധനങ്ങളും സമാഹരിച്ച് വിതരണം ചെയ്തു.

**ശാന്തിദൂത് പുനരധിവാസ മിഷൻ**

ദുരിതാശ്വാസ ക്യാമ്പുകളിൽ നിന്നും തിരിച്ച് ഭവനങ്ങളിൽ എത്തിയ ആളുകൾക്ക് കൈത്താങ്ങാകുവാൻ ആവശ്യസാധനസമാഹരണത്തിലൂ ടെയും അവയുടെ കൃത്യമായ വിതരണത്തിലൂടെയും ശാന്തിദൂതിന് ദുരിത ബാധിതരായവരിലേയ്ക്ക് എത്തുവാൻ സാധിച്ചു. മുവാറ്റുപുഴ, ഇടുക്കി, മൂന്നാർ തുടങ്ങിയ മേഖലകളിൽ അത്യാവശ്യ സാമഗ്രികളായ അരി, എണ്ണ, തേങ്ങ, തേയില, പഞ്ചസാര, കമ്പിളി തുടങ്ങിയവ വിതരണം ചെയ്യുവാൻ സാധിച്ചു.

**ശാന്തിദൂത് പഠനസഹായം മിഷൻ**

ദുരിതബാധിതരായ വിദ്യാർത്ഥികളുടെ പഠനസഹായത്തിനായി ബുക്കുകൾ, യൂണിഫോം, പഠനോപകരണങ്ങൾ തുടങ്ങിയവ എത്തിക്കു വാനും ഒപ്പം പുതിയ അഡ്മിഷനായി വരുന്ന പ്രളയബാധിതവിദ്യാർത്ഥി കൾക്ക് മൂന്നുവർഷത്തെ പഠനം 50% ഫീസ് ഇളവിൽ പൂർത്തിയാക്കിക്കൊ ടുക്കുവാനും കോളേജ് മാനേജ്മെന്റ് തീരുമാനിച്ചു.

**ശാന്തിദൂത് ഭവനനിർമ്മാണ മിഷൻ**

100 ഓളം വിദ്യാർത്ഥികളുടെ രണ്ടു ദിവസത്തെ അദ്ധ്വാനഫലമായി പ്രളയദുരിതത്തിൽ അകപ്പെട്ട ഒരു കുടുംബത്തിന്റെ വീട് എന്ന സ്വപ്നത്തി ലേക്ക് അവരെ കൊണ്ടെത്തിക്കുവാൻ ശാന്തിദൂതിനായി.

**ശാന്തിദൂത് തുടർസഹായ പദ്ധതി**

ദുരിതബാധിതർക്കുള്ള തുടർസഹായ പദ്ധതികളുടെ ഭാഗമായി നിർമ്മാണ പ്രവർത്തനങ്ങളിൽ സഹായ ഹസ്തം, വ്യക്തികൾ, സന്നദ്ധ സംഘടനകൾ, ഗവൺമെന്റ് സ്ഥാപനങ്ങൾ എന്നിവയുമായി ദുരിത ബാധിതരെ ബന്ധിപ്പിക്കൽ, അവർക്കായി പ്രോജക്റ്റുകൾ തയ്യാറാക്കൽ, വരുമാനദായക പ്രവർത്തനങ്ങളിൽ അവരെ ഉൾക്കൊള്ളിക്കൽ എന്നീ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യും.

**ശാന്തിദൂതിന് അംഗീകാരം**

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ഔദ്യോഗിക ദുരന്തനിവാ

രണ പ്രവർത്തനമായി ശാന്തിദൂത് തിരഞ്ഞെടുക്കപ്പെട്ടു.

മൂവാറ്റുപുഴ പൗരസമിതിയുടെ സ്വീകരണം എം.എൽ.എ., ജില്ലാകളക്ടർ, ആർ.ഡി.ഒ., തഹസിൽദാർ, മുൻസിപ്പാലിറ്റി ചെയർ പേഴ്സൺ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടത്തപ്പെട്ടു.

ശാന്തിദൂതിന് ശ്രീ. സെബാസ്റ്റ്യൻ സിറിയക്, ശ്രീ. മിഥുൻ ഓമനക്കുട്ടൻ, ശ്രീ. ജെയിംസ് മാത്യു, ശ്രീ. സോളിമോൻ വി.എൽ. തുടങ്ങിയ അദ്ധ്യാപകരാണ് നേതൃത്വം നൽകിയത്.

"കരുണയുള്ളവർ ഭാഗ്യവാന്മാർ എന്തെന്നാൽ, അവർക്ക് കരുണ ലഭിക്കും" (മത്തായി 5:7). കയ്യും മെയ്യും മറന്ന്, വേദനിക്കുന്നവരുടെ ഇടയിലേക്കിറങ്ങിച്ചെന്ന് അവർക്ക് കൈത്താങ്ങായി മാറിക്കൊണ്ട് കാരുണ്യത്തിന്റെ കാവൽക്കാരാകുവാൻ 'ശാന്തിദൂത്' എന്ന സ്വപ്നലക്ഷ്യ പദ്ധതിയിലൂടെ ശാന്തിഗിരിക്കു സാധിച്ചു. വിദ്യാർത്ഥികളുടെ സമഗ്രവും സർവ്വോത്മുഖവുമായ വളർച്ചയെ അളക്കുവാനും ത്വരിതപ്പെടുത്തുവാനും ശാന്തിദൂത് പ്രവർത്തനങ്ങൾക്കായി വിദ്യാഭ്യാസത്തിന്റെ ശ്രേഷ്ഠത മനുഷ്യത്വത്തിന്റെ നിറവിലാണെന്ന ബോധ്യത്തിലേയ്ക്ക് കുട്ടികളെ ഒരുക്കുവാൻ ശാന്തിദൂത് മിഷനിലൂടെ ശാന്തിഗിരിക്കു സാധിച്ചു.

## CALVARY MOUNT MONASTERY

- ആശ്രമത്തോടനുബന്ധിച്ച് കാൽവരി ഹൈസ്കൂളിലെ ആൺകുട്ടികൾക്കായി ഹോസ്റ്റൽ നടത്തുന്നു. 26 കുട്ടികൾ ഹോസ്റ്റലിലുണ്ട്.
- ആശ്രമത്തിലെ കാലപ്പഴക്കം ചെന്ന കാർ വിറ്റ് പുതിയ സ്വിഫ്റ്റ് വാങ്ങി
- ആശ്രമത്തിന്റെ കാടുപിടിച്ചു കിടന്ന സ്ഥലങ്ങൾ പാട്ടകൃഷിക്കു കൊടുത്തു.
- പ്രകൃതിദുരന്തത്തോടനുബന്ധിച്ച് നമ്മുടെ സ്കൂളിൽ ദുരിതാശ്വാസ ക്യമ്പുകൾ ഉണ്ടായിരുന്നു 172 കുടുംബങ്ങളിൽ നിന്നായി 418 പേർ ക്യാമ്പിലുണ്ടായിരുന്നു. അച്ചൻമാരെല്ലാവരും സജീവമായി ക്യാമ്പിൽ സഹായിക്കാനുണ്ടായിരുന്നു.

### കാൽവരിമൗണ്ട് ചർച്ച്

- ശ്രീ. ജോസഫ് കുര്യൻ ഏറമ്പടം, ജോയി തോമസ് തുണ്ടിയിൽ, റിജു ജയിംസ് വട്ടക്കാന, ജോബിൻ മാത്യു അയ്മനത്ത് എന്നിവർ പുതിയ കൈക്കാരന്മാരായി ചാർജ്ജെടുത്തു
- തുടർച്ചയായി 5-ാം വർഷവും കാൽവരി മൗണ്ട് സൺണ്ടേസ്കൂൾ രൂപതയിൽ A+ grade കരസ്തമാക്കി

- കാൽവരി മൗണ്ട് മിഷൻലീഗ് ശാഖ ഫൊറോനയിൽ ഒന്നാമതും രൂപ തയിൽ മൂന്നാം സ്ഥാനവും A+ grade ഉം, കയ്യെഴുത്തു മാസികക്ക് രൂപ തയിൽ ഒന്നാം സ്ഥാനവും കരസ്ഥമാക്കി.
- വിൻസന്റ് ഡി പോൾ പുരുഷ-വനിതാ വിഭാഗങ്ങൾ എ കെ സി സി, മാതൃവേദി, കെ.സി.വൈ.എം, മിഷൻലീഗ്, തിരുബാലസഖ്യം, അൾത്താര സഖ്യം മുതലായ ഭക്തസംഘടനകൾ അച്ചൻമാരുടെയും സിസ്റ്റേഴ്സിന്റെയും നേതൃത്വത്തിൽ ഭംഗയായി നടക്കുന്നു.
- ഇടവകയെ 27 യൂണിറ്റുകളായി തിരിച്ച് കുടുംബക്കൂട്ടായ്മകൾ എല്ലാ മാസവും കൃത്യമായി നടക്കുന്നു.
- എല്ലാമാസവും 13-ാം തിയതി വൈകിട്ട് 6 മുതൽ 1 മണി വരെ മരിയൻ അഭിഷേക ആരാധന നടത്തുന്നു.
- മാതാവിന്റെ പിറവി തിരുനാളിനോടനുബന്ധിച്ച് 7 ദിവസം മരിയൻ കൺവൻഷൻ നടത്തി
- ജൂബിലിയുടെയും ദേവാലയകൂദാശയുടെയും മധുരിക്കുന്ന ഓർമ്മ കൾ സൂക്ഷിക്കാനും വരും തലമുറക്ക് നല്കുവാനുമായി മനോഹര മായ സ്മരണിക തയ്യാറായി വരുന്നു.

## കാൽവരി സ്കൂളുകൾ

- മുന്നു സ്കൂളുകളും ഭംഗിയായി നടക്കുന്നു. അച്ചൻമാരുടെയും ടീച്ചേ ഴ്സിന്റെയും കഠിനാദ്ധ്വാനഫലമായി ഡിവിഷൻ ഫാളില്ലാതെ ഇത്തവ ണയും രക്ഷപെട്ടു
- മൂന്നു സ്കൂളുകളും അറ്റകുറ്റപണികൾ നടത്തി പെയ്ന്റടിച്ചു വൃത്തി യാക്കി. യു.പി യിലെയും എച്ച്.എസ് ലെയും ഹാളുകൾ പെർമനന്റു സ്ക്രീൻ വച്ചു തിരിച്ചു. ഹൈസ്കൂളിലേ മുഴുവൻ ക്ലാസ്സുകളും സ്മാർട്ടു ക്ലാസ്സുകളാക്കി. ഹൈസ്കൂളിലെ എല്ലാ മുറികളും ടൈൽസ് ഇട്ടു.
- ഹൈസ്കൂളിലേക്ക് സർക്കാരിൽ നിന്നും മഴ മറ കിട്ടി
- മുന്നു സ്കൂളിലെയും പി.ടി.എ സജീവമായി പ്രവർത്തിക്കുന്നു
- എം.എൽ.എ ഹൈസ്കൂളിലേക്ക് കഞ്ഞിപ്പുരയും ടോയ്‌ലറ്റ് കോംപ്ലക്സും അനുവദിച്ചിട്ടുണ്ട്
- മഴക്കെടുതിയിൽ യു.പി സ്കൂളിന്റെ ചുറ്റുമതിൽ കുറെ ഇടിഞ്ഞു പോയിട്ടുണ്ട്.
- കാൽവരി എൽ.പി സ്കൂൾ ഹെഡ്മാസ്റ്റർ എം.ടി തോമസ് സാറിന് മികച്ച അദ്ധ്യാപകനുള്ള സംസ്ഥാന അവാർഡ് ലഭിച്ചിരിക്കുന്നു.

# DEEPTHI BHAVAN, ADIMALY

**യാത്രയയപ്പ്, സ്വീകരണം**

കഴിഞ്ഞ വർഷം ബോർഡിങ്ങിൽ റെക്ടറായി സേവനമനുഷ്ടിച്ച ബ്രദർ സനിത് വീച്ചാട്ടിന് യാത്രയയപ്പും പുതിയതായി വന്നുചേർന്ന ബഹു. ബിനോജ് വട്ടോടിയിൽ അച്ചന് സ്വീകരണവും നൽകി. സനിത് ബ്രദർ തിയോളജി പഠനത്തിനായി ധർമരാമിലേക്കുപോയി. ബിനോജച്ചൻ +2-വിൽ കെമിസ്ട്രി പഠിപ്പിക്കുക കൂടി ചെയ്യുന്നുണ്ട്.

**ആശുപത്രി വാസം**

ബഹു. വർഗീസ് കുഴികണ്ണിയിലച്ചൻ ഒരാഴ്ചക്കാലം മോർണിംഗ്സ്റ്റാർ ആശുപത്രിയിൽ ചികിത്സയിൽ ആയിരുന്നു. ഇപ്പോൾ ആരോഗ്യം വീണ്ടെടുത്ത് കർമരംഗത്തുസജിവമാണ്.

**സി. ബി. എസ്. ഇ.  ഇൻസ്പെക്ഷൻ അംഗം**

സി.ബി.എസ്.ഇ സ്കൂകളുടെ അഫിലിയേഷൻ പുതുക്കുന്നതിനുള്ള ഏകാംഗ ഇൻസ്പെക്ഷൻ അംഗമായി നമ്മുടെ ജിൽസൺ ജോൺ അച്ചനെ സി. ബി. എസ്. ഇ. ഡൽഹി നിയമിച്ചിരിക്കുന്നു. ഇപ്പോൾ രണ്ടു സ്കുളുകളിൽ ഇൻസ്പെക്ഷൻ പൂർത്തിയാക്കിക്കഴിഞ്ഞു.

**അജപാലനരംഗം**

സമീപത്തുള്ളപള്ളികളിലും മഠങ്ങളിലും കുർബാന, കുമ്പസാരം എന്നിവക്കായി നാം മുൻപന്തിയിലാണ്. മച്ചിപ്ലാവ് ഇടവകപള്ളിയിൽ എല്ലാ ബുധനാഴ്ചകളിലെ കുർബാനയും ആയിരമേക്കർപള്ളിയിൽ എല്ലാ ഞാറാഴ്ചകളിലെയും ഒരു കുർബാനയും നമ്മെ ഏല്പിച്ചിരിക്കുന്നു. കൂടാതെ കൂമ്പൻപാറ ഫൊറോനാ പള്ളി, മങ്കടവ് പള്ളി എന്നിവടങ്ങളിൽ ശനി, ഞായർ ദിവസങ്ങളിൽ ഓരോ കുർബാനവീതം ദീപ്തിഭവനിൽ നിന്നാണ് ചൊല്ലുന്നത്.

കൂടാതെ ഇടുക്കി രൂപതയുടെ പാസ്റ്ററൽ സെന്ററിൽ നടക്കുന്ന വിവാഹ പരിശീലനപരിപാടി, കെ.സി.വൈ.എം പരിപാടി എന്നിവയിൽ ക്ലാസുകൾ നടത്തുവാനായി ഫാ. ജിൽസൺ ജോൺ എപ്പോഴും ക്ഷണിക്കപ്പെടുന്നുണ്ട്.

## വിശ്വദീപ്തി പബ്ലിക് സ്കൂൾ, അടിമാലി

**അദ്ധ്യാപകർക്ക് പരിശീലന പരിപാടി**

അധ്യാപകർക്കുള്ള ത്രിദിനപരിശീലനപരിപാടിക്ക് ശ്രീ. ജോർജ് കരുണക്കൽ (പാല), ശ്രീമതി ഫിലോമിന ജെയിംസ് (തൃശൂർ) എന്നിവർ നേതൃത്വം നൽകി. അവസാനദിവസത്തെ പരിപാടിയായ പ്ലാനിംഗ് സെഷൻ & വിലയിരുത്തൽ എന്നിവ മൂന്നാറിലെ റിസോർട്ടിലാണ് നടത്തിയത്.

**വിദ്യാർത്ഥികൾക്കുള്ള പരിശീലനപരിപാടികൾ**

സ്കൂൾ ആരംഭത്തിൽത്തന്നെ വിദ്യാർത്ഥികൾക്കും പരിശീലനപരിപാടികൾ സംഘടിപ്പിച്ചു. മോർണിംഗ് സ്റ്റാർ ഹോസ്പിറ്റൽ സ്റ്റാഫ് ഡോ. സിസ്റ്റർ ബീന (പീസ് കൗൺസിലിങ് സെന്റർ, ചുരിളി), ശ്രി, സിജു തോമസ്, ചങ്ങനാശ്ശേരി, പ്രൊഫ. മാത്യു കണമല (സെയിന്റ് ജോസഫ് കോളേ

ജ്, മൂലമറ്റം) എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**എൽ. കെ. ജി പ്രവേശനോത്സവം**

എൽ.കെ.ജി പ്രവേശനോത്സാവം ജൂൺ രണ്ടാം തിയതി നടത്തി. മാനേജർ റവ. ഫാ. വർഗീസ് കുഴികണ്ണിയിൽ അധ്യക്ഷനായിരുന്നു.

**കെ. ജി & എൽ. പി മാതൃസമ്മേളനം**

കൊച്ചുകുട്ടികളുടെ രൂപീകരണത്തിൽ അമ്മമാരുടെ പങ്കുനിർണ്ണായ കമായതിനാൽ കെ.ജി. & എൽ. പി വിദ്യാർത്ഥികളുടെ അമ്മമാരുടെ സമ്മേളനം ജൂൺ 30, ജൂലൈ 7 എന്നീ തീയതികളിൽ നടന്നു. രണ്ടു സമ്മേളനങ്ങൾക്കും ശ്രീമതി ഗീതാകുമാരി ടീച്ചർ (എറണാകുളം) അമ്മമാരെ അഭിസംബോയോധന ചെയ്തു സംസാരിച്ചു. ഇതൊരു പുതിയ അനുഭവമായി അമ്മമാർ പറഞ്ഞു.

**സഹോദയ സമ്മേളനം**

സെൻട്രൽ സഹോദയയുടെ പ്രഥമസമ്മേളനം ജൂൺ 23 ശനിയാഴ്ച മൂവാറ്റുപുഴ നിർമല പബ്ലിക് സ്കുളിൽ വച്ച് നടന്നു. സുളിൽനിന്ന് പ്രിൻസിപ്പളും വൈസ് പ്രിൻസിപ്പളും ഉൾപ്പെടെ 20 അധ്യാപകർ പങ്കെടുത്തു.

**സിവിൽ സർവീസ് പരിശീലന പരിപാടി**

സ്കൂളിൽ കഴിഞ്ഞവർഷം മുതൽ തുടങ്ങിയ Long Term സിവിൽ സർവീസ് പരിശീലനപരിപാടി ജൂലൈ 14 നു തുടങ്ങി. 6, 7, 8 ക്ലാസ്സിലെ കുട്ടികൾക്കാണ് ശനിയാഴ്ച ദിവസങ്ങളിൽ നടത്തപ്പെടുന്ന ഈ പരിശീലനപരിപാടി പ്രയോജനപ്പെടുന്നത്.

**സ്കൂൾ കലോത്സവം**

സ്കൂൾ കലോത്സവം ജൂലൈ 29 ശനിയാഴ്ച നടന്നു. നാല് ഹൗസുകളായി തിരിച്ചു നടത്തിയ കലോത്സവത്തിൽ വിദ്യാർത്ഥികൾ ആവേശപൂർവം പങ്കെടുത്തു. പ്രസിദ്ധ മിമിക്രി കലാകാരുനും ഗായകനുമായ ശ്രീ. രാജേഷ് അടിമാലി കലോത്സവം ഉദ്ഘാടനം ചെയ്തു.




**സ്കൂൾ റിസൾട്ട്, മെറിറ്റ് ഡേ**

പതിവുപോലെ 10,12 ക്ലാസ്സുകളിൽ നുറുശതമാനം വിജയം നാം നിലനിർത്തി. അധ്യാപരെയും വിദ്യാർത്ഥികളെയും പ്രത്യേകം അനുമോദിക്കുന്നു. എല്ലാ വിഷയങ്ങൾക്കും A+ നേടിയ വിദ്യാർത്ഥികളെ



അനുമോദിക്കുവാനായി മെറിറ്റ് ഡേ നടത്തി പ്രത്യേക മെമെന്റോയും ക്യാഷ് അവാർഡും സമ്മാനിച്ചു. ശ്രീ. റോഷി അഗസ്റ്റിൻ എം.എൽ.എ മുഖ്യാഥിതിയായിരുന്നു.

**സ്കൂൾ ധ്യാനം**



ഈ വർഷത്തെ വാർഷിക ധ്യാനം ആഗസ്റ്റ് 6 നു നടന്നു. ക്രിസ്റ്റീൻ ധ്യാനകേന്ദ്രം (കോട്ടയം) ക്രിസ്ത്യൻ വിദ്യാർത്ഥികൾക്കും സത്യസായി ഇൻസ്റ്റിറ്റ്യൂട്ട് (എറണാകുളം) നോൺ ക്രിസ്ത്യൻ വിദ്യാർത്ഥികൾക്കും സൻമാർഗബോധ ചിന്തകൾ പങ്കുവച്ചു.

**വെള്ളപ്പൊക്ക ദുരിതാശ്വാസം**



വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ അച്ചന്മാരും അധ്യാപകരും പങ്കെടുത്തു. ആറു ക്യാമ്പുകളിൽ നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്തു. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ജില്ലയിലേക്ക് വന്ന നൂറ് മിലിട്ടറി സൈനികർക്കു സ്കൂൾ താമസവേദിയായി അവർ 17 ദിവസം ഇവിടെ ക്യാമ്പ് ചെയ്തു പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

**സ്കൂൾ ക്യാബിനറ്റ് തിരഞ്ഞെടുപ്പ്, സ്ഥാനാരോഹണ ചടങ്ങ്.**



സ്കൂൾ തിരഞ്ഞെടുപ്പും സ്ഥാനാരോഹണ ചടങ്ങും ജൂൺ 26,27 തീയതികളിൽ നടന്നു. ടൈംസ് ഓഫ് ഇന്ത്യ ന്യൂസ്പേപ്പർ ജനറൽ മാനേജർ ശ്രീമതി സാറാമ്മ ജോൺ മുഖ്യാതിഥിയായിരുന്നു.

**കെ. ജി & പ്രൈമറി അദ്ധ്യാപകർക്കായി ഇംഗ്ലീഷ് കോച്ചിങ്**



കെ.ജി & പ്രൈമറി അദ്ധ്യാപകർക്കായി 6 ദിവസങ്ങൾ നീണ്ടുനിന്ന സ്പോക്കൺ ഇംഗ്ലീഷ് പരിശീലനപരിപാടി മെയ് മാസം 21 മുതൽ 26 വരെ തീയതികളിൽ നടന്നു. പ്രൊഫ. പ്രിയങ്ക ബാബു. ഡോ. ബേബി ജോസഫ് (സെന്റ് ജോസഫ് കോളേജ്, മൂലമറ്റം) എന്നിവർ നേതൃത്വം നൽകി.

**സെലിബ്രിറ്റി ക്രിക്കറ്റ്**

വിശ്വദീപ്തി പബ്ലിക് സ്കൂൾ അധ്യാപകരും ശ്രീ പാഷാണം ഷാജി, രാജേഷ് അടിമാലി എന്നിവർ നേതൃത്വം നൽകിയ സെലിബ്രിറ്റി ക്രിക്കറ്റ് ടീമും തമ്മിലുള്ള 20/20 ക്രിക്കറ്റ് മത്സരം സ്കൂൾ ഗ്രൗണ്ടിൽ നടന്നു. പ്രിൻസിപ്പൽ റവ. ഡോ. ജിൽസൺ ജോൺ ഉദ്ഘാടനം ചെയ്തു. മത്സരത്തിൽ സെലിബ്രിറ്റി ടീം വിജയംനേടി. പഞ്ചായത്ത് മെമ്പർ ശ്രീ. തമ്പി ജോർജ് ട്രോഫികൾ വിതരണം ചെയ്തു.



# NIRMALGRAM ASHRAM, CHENKARA

**അങ്ങയുടെ കരത്തിൻ കീഴിൽ**

യേശു പറഞ്ഞു: "വഴിയും സത്യവും ജീവനും ഞാനാണ് എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ അടുക്കലേയേക്ക് വരുന്നില്ല" (യോഹ. 14/6). കാർമ്മൽ പ്രവിശ്യയുടെ ആത്മീയകൂടാരമായി നിർമ്മൽഗ്രാം ധ്യാനാശ്രമം രൂപപ്പെടുന്നു. എല്ലാ ദിനവും പ്രഭാതത്തിലും മദ്ധ്യാഹ്നത്തിലുമുള്ള പരിശുദ്ധ കുർബാനയുടെ ആരാധന എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 5.30 മുതൽ ഉച്ചകഴിഞ്ഞ് 3 മണിവരെയുള്ള ആരാധന, ശനിയാഴ്ചകളിലെ ഏകദിന കൺവെൻഷൻ, ഉപവാസ പ്രാർത്ഥന, ആത്മാഭിഷേക ധ്യാനം, രാത്രി ആരാധന, വൈദികരുടെ ആരാധന ഇവയെല്ലാം നിർമ്മൽഗ്രാമിന്റെ ആത്മീയ ഉണർവിന്റെ സൂചനകളാണ്. എല്ലാവർക്കും ഇടമുള്ള പ്രാർത്ഥനയുടെ ഭൂമിയാണിത്.

**തൊടുപുഴയുടെ കുമ്പസാര അച്ഛൻ ഇനി നിർമ്മൽ ഗ്രാമിന് സ്വന്തം**

ബഹുമാനപ്പെട്ട കുര്യാക്കോസ് തുരുത്തിപ്പിള്ളിലച്ചന്റെ ആത്മീയ ചൈതന്യം നിർമ്മൽഗ്രാമിനെ കൂടുതൽ ചൈതന്യവത്താക്കുന്നു. ദിവ്യകാരുണ്യസന്നിധിയിൽ ശാന്തമായിരിക്കുന്ന കുര്യാക്കോസച്ചൻ, ആശ്രമമുറ്റത്ത് കൊന്തചൊല്ലി നടക്കുന്ന കുര്യാക്കോസച്ചൻ, എല്ലാവരിലും നന്മ കണ്ട് നല്ലതുമാത്രം പറയുന്ന കുര്യാക്കോസച്ചൻ-നിർമ്മൽഗ്രാമിന് ഒരു അനുഗ്രഹമാണ്. കുര്യാക്കോസച്ചന് നിർമ്മൽഗ്രാമിന്റെ പ്രാർത്ഥനാശംസകൾ.

**പുത്തൻ ദൗത്യവുമായി**

കഴിഞ്ഞ ഒരു വർഷക്കാലം നിർമ്മൽഗ്രാമിന് അനുഗ്രഹമായിരുന്ന ബഹു. ഫ്രാൻസിസ് കുടിയിരിക്കലച്ചൻ പുതിയ ദൗത്യവുമായി തൊടുപുഴ ജ്യോതിനിവാസിലേയ്ക്ക് യാത്രയായി. കുര്യാക്കോസച്ചന് പകരക്കാരനാ

കാൻ ഇതാ ഫ്രാൻസീസച്ചൻ. പുതിയ കർമ്മമേഖലയിൽ എല്ലാ നന്മകളും നേരുന്നു.

**കുടുംബ വിശുദ്ധികരണ ധ്യാനം**

നിർമ്മൽഗ്രാം ധ്യാനകേന്ദ്രവും ചാവറ വചനവേദിയും സംയുക്തമായി ഇടവകകളിൽ ഒരുക്കുന്ന കുടുംബ വിശുദ്ധീകരണ ധ്യാനം ഏറെ നന്മയായിത്തീരുന്നു. ഏകദേശം പതിനെട്ടോളം ഇടവകളിൽ ധ്യാനം നടത്തുകയുണ്ടായി. കാർമ്മൽ പ്രവിശ്യയിലെ പ്രിയപ്പെട്ട സഹോദര വൈദികരുടെ ത്യാഗപൂർണ്ണമായ സമർപ്പണമാണ് ഈ ധ്യാനങ്ങളുടെ വിജയത്തിന് കാരണം. പ്രത്യേകിച്ച്, ബിജു കുട്ടപ്ലാക്കലച്ചനും വിനീത് വാഴേക്കുടിയച്ചനും സിന്റോ ആലുങ്കലച്ചനും നിർമ്മൽഗ്രാം ടീമിനോട് ചേർന്ന് ദൈവവചനം വിളമ്പുന്നു. വി. ചാവറപിതാവ് ആരംഭിച്ച ഇടവകധ്യാനങ്ങൾ നമ്മളിലൂടെ തുടരാൻ എല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും ഇനിയും പ്രതീക്ഷിക്കുന്നു.

**അനേകർക്ക് ആശ്രയമായി നിർമ്മൽഗ്രാം**

നിർമ്മൽഗ്രാം ഒരു പ്രാർത്ഥനാ ആലയമാണ് ഒപ്പം അനേകർക്ക് ആശ്രയകേന്ദ്രവും പ്രത്യേകിച്ച് രോഗികൾക്ക് ചികിത്സാ സഹായം നൽകികൊണ്ടും ദാരിദ്രം അനുഭവിക്കുന്നവർക്ക് ആഹരത്തിന് ആവശ്യമായവ നൽകികൊണ്ടും ദൈവ സ്നേഹം മറ്റുള്ളവർക്ക് പകർന്ന് കൊടുക്കുകയാണ്. 20 ൽ പരം കുടുംബങ്ങൾക്ക് എല്ലാ മാസവും നിർമ്മൽഗ്രാം ആശ്വാസത്തിന്റെ കൈത്താങ്ങായി മാറുന്നു. ഉള്ളത് ഇല്ലാത്തവരുമായി പങ്കുവയ്ക്കുവാൻ നിർമ്മൽഗ്രാമിനോട് ചേർന്ന് കൈകോർക്കുന്ന സുമനസ്സുകൾക്ക് നന്ദി....

**ജെറീഷച്ചൻ തിരക്കിലാണ്.**

നിർമ്മൽഗ്രാം ധ്യാനകേന്ദ്രത്തിന്റെ അഡ്മിനിസ്ട്രേറ്ററായും ധ്യാനശുശ്രൂക്ഷകളിൽ സഹചാരിയായും നിറഞ്ഞു നിൽക്കുന്ന ജെറീഷച്ചൻ ഏറെ തിരക്കിലാണ്. കാരണം ഈ വിധ ഉത്തരവാദിത്തത്തോടൊപ്പം പ്രവിശ്യയുടെ Vocation Promoter എന്ന ജോലിയും അദ്ദേഹത്തിലാണ്. ജെറീഷച്ചന്റെ കഠിനാദ്ധ്വാനത്തിന്റെയും നന്മയുടെയും ഫലമാണ് ഈ വർഷത്തെ 22 കുട്ടികൾ. ജെറീഷച്ചന് അഭിനന്ദനങ്ങൾ.

**അഭിനന്ദിക്കാം.... പ്രോത്സാഹിപ്പിക്കാം....**

ഭംഗിയുള്ള ചുവടുവെപ്പുകളിലൂടെ നിർമ്മൽഗ്രാം ധ്യാനാശ്രമം മുന്നോട്ട് നീങ്ങുകയാണ്. ഇതൊരു പ്രാർത്ഥനയുടെ പുണ്യാശ്രമമായി തീരാൻ നമുക്ക് ദൈവതിരുമുമ്പിൽ കരങ്ങൾ കൂപ്പാം. വേദനിക്കുന്ന അനേകരോട് ചേർന്ന് നിന്ന് ദൈവസ്നേഹവും സഹോദരസ്നേഹവും നമുക്ക് അനുഭവിക്കാം.

# NIRMALGRAM WELFARE CENTRE

## BHOOTHATHANKETTU

**ഭൂതത്താൻകെട്ട് ബീച്ച്**

വെള്ളപൊക്കത്തെ തുടർന്ന് ഭൂതത്താൻകെട്ടിൽ നമ്മുടെ സ്ഥലത്ത് ഒരു പുതിയ ബീച്ച് രൂപം കൊണ്ടു. മനോഹരമായ ഈ ബീച്ച് കോവളം ബീച്ചിനെവെല്ലുന്ന രീതിയിൽ ടൂറിസ്റ്റുകളെ ആകർഷിച്ചുവരുന്നു. ഇതിനോടനുബന്ധിച്ച് ഭാവിപദ്ധതികൾ ആവിഷ്ക്കരിച്ച് വരുന്നു.

**കാർമ്മൽ ഫ്രൂട്ട്സ് ഗാർഡൻ**

വിവിധയിനം ഫലവൃക്ഷങ്ങൾ കാർമൽ ആയുവേദിക് ഹോസ്പിറ്റലിനോടനുബന്ധിച്ച് നട്ടുവളർത്തിവരുന്നു. നൂറിലധികം ഫലവൃക്ഷങ്ങളാണ് ഇവിടെ വളർന്നുവരുന്നത്.

**കാർമൽ ആയുർവേദിക് ഗാർഡൻ**

ആയുർവേദ ഹോസ്പിറ്റലിനോടനുബന്ധിച്ച് പഠനത്തിനും ഉപയോഗത്തിനുമായി ഇരുന്നൂറിലധികം ആയുർവേദ ചെടികൾ നട്ട് പരിപാലിച്ചുവരുന്നു. പുരാതനചികിത്സക്ക് ഉപയോഗിച്ചിട്ടുള്ള അപൂർവ്വ ഇനങ്ങളും ഇക്കൂട്ടത്തിലുണ്ട്.

**കാർമൽ വെജിറ്റബിൾ ഗാർഡൻ**

ഗോ ഗ്രീൻ പദ്ധതികളുടെ ഭാഗമായി, വിവിധയിനം പച്ചക്കറികൾ ഇവിടെ നട്ടുവളർത്തി വരുന്നു. പച്ചക്കറിയുടെ കാര്യത്തിൽ സ്വയം പര്യാപ്തയിലെത്തുകയെന്നതാണ് ലക്ഷ്യം വയ്ക്കുന്നത്.

**ആയൂർവേദിക് ഹോസ്പിറ്റൽ**

ഹോസ്പിറ്റലിന്റെ പണികൾ ഏകദേശം പൂർത്തീകരിച്ച് വരുന്നു. കോട്ടേജുകളും ചികിത്സാകേന്ദ്രമായ അനുബന്ധ ഓഫീസുകളുമെല്ലാം ആധുനിക രീതിയിൽ സജ്ജീകരിച്ചിട്ടുണ്ട്. സാങ്കേതികമായിട്ടുള്ള പണികളും നിയമപരമായിട്ടുള്ള കാര്യങ്ങളും പൂർത്തികരിക്കുന്നതനുസരിച്ച് ഹോസ്പിറ്റൽ ഉടനെ പ്രവർത്തനമാരംഭിക്കുന്നതാണ്.

# SANTHIGRAM WELFARE CENTRE, PAREMAVU

**കുട്ടികൾക്കുള്ള അവധിക്കാല ക്യാമ്പ്**

സ്കൂൾ കുട്ടികൾക്കുള്ള ത്രിദിനവ്യക്തിത്വവികസനക്യാമ്പ് 2018 ഏപ്രിൽ 10, 11, 12 തീയതികളിൽ പാറേമ്മാവ് ശാന്തിഗ്രാമിൽ വച്ചു നടത്തി. ക്യാമ്പിനു നേതൃത്വം നൽകിയത് ഡീക്കൻ ഡോൺ പള്ളിപ്പറമ്പിൽ, ശെമ്മാശ്ശന്മാരായ ഡേവിസ് തയ്യിൽ, ജെറിൻ തെരുവംകുന്നേൽ എന്നിവരാണ്. കാൽവരി മൗണ്ട്, കല്യാണത്തണ്ട്, ജീവൻ ടീ ഫാക്ടറി എന്നിവിടങ്ങളിലേക്കുള്ള വിനോദയാത്രയും ക്യാമ്പിന്റെ ഭാഗമായി ഉണ്ടായിരുന്നു. അഞ്ചു

മുതൽ പന്ത്രണ്ടു വരെയുള്ള ക്ലാസ്സുകളിൽ നിന്നുമായി 25 കുട്ടികൾ പങ്കെടുത്തു.

**കർണാടക സംഗീതം**

ഫാ. തോമസ് മെമ്മോറിയൽ സംഗീത അക്കാദമിയിൽ കർണാടക സംഗീതം പഠിപ്പിക്കുവാൻ ശ്രീ. തങ്കച്ചൻ പാലായുടെ സേവനം 2018 മെയ് മാസം മുതൽ ലഭ്യമാണ്. തിരുവനന്തപുരം ആകാശവാണിയിലെ എ ഗ്രേഡ് കലാകാരനായി സേവനം ചെയ്തിരുന്ന അദ്ദേഹം വിരമിച്ചതിനു ശേഷം ഉപ്പുതറയിൽ സ്വന്തമായി അക്കാദമി നടത്തുന്നതിനു പുറമെയാണിത്. എല്ലാ ഞായറാഴ്ചകളിലും ശാന്തിഗ്രാമിൽ സംഗീതപരിശീലനം നൽകിയിരുന്ന ശ്രീമതി ധനേഷ്മയുടെ സേവനങ്ങൾക്ക് അക്കാദമിയിലെ വിദ്യാർത്ഥികൾ ഹൃദയപൂർവ്വം നന്ദി അറിയിക്കുന്നു. യശ്ശശരീരനായ ബ. തോമസ് കണ്ടത്തിലച്ചനെ ആദരവോടും നന്ദിയോടും കൂടെ ഓർക്കുന്ന എളിയ സംരംഭമാണ് ശാന്തിഗ്രാം സംഗീത അക്കാദമി.

**സോണൽ സമ്മേളനം**

പ്രവിശ്യയിലെ ഇടുക്കി സോണിന്റെ സമ്മേളനം 2018 ജൂൺ 25-ന് ചെറുതോണി ഗിരിജ്യോതി സ്കൂളിൽ വച്ചു നടത്തി. കാൽവരി മൗണ്ട്, ശാന്തിഗ്രാം ആശ്രമങ്ങളിലെ അംഗങ്ങൾ എല്ലാവരും പങ്കുചേർന്ന സമ്മേളനത്തിൽ ധ്യാനചിന്തകൾ പങ്കുവച്ചത്, ഇടുക്കിയിലെ ലത്തീൻ പള്ളി വികാരി ബഹു. പയസ്സ് അച്ചനായിരുന്നു.

**ആഗസ്റ്റ് മാസത്തിലെ അതിവർഷം**

ജൂൺ മാസം മുതൽ മഴ ശക്തമായതിനാൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ജില്ലാ കളക്ടർ പല ദിവസങ്ങളിലും അവധി പ്രഖ്യാപിച്ചു. ആഗസ്റ്റ് 1 മുതൽ 20 വരെയുള്ള ദിവസങ്ങളിൽ ഇടുക്കി മേഖലയിൽ ലഭിച്ചത് 1387 മില്ലിമീറ്റർ മഴയാണ്. പ്രതിദിനം 200 മില്ലിമീറ്ററിലധികം അതിതീവ്ര മഴ പെയ്ത ദിവസങ്ങളും ഉണ്ടെന്നാണ് കാലാവസ്ഥ വകുപ്പിന്റെ വിലയിരുത്തൽ.

ഇടുക്കിയിലും സമീപപ്രദേശങ്ങളിലും ഉരുൾപൊട്ടലും മണ്ണിടിച്ചിലും വ്യാപകമായിരുന്നു. ചെറുതോണി, മണിയാറൻകുടി - പേപ്പാറ, ഉപ്പുതോട് എന്നിവിടങ്ങളിൽ വീടുകൾ തകർന്ന് ആളുകൾ മരിക്കാനിടയായി. റോഡ്, വൈദ്യുതി, ഫോൺ മുതലായവ തകർന്ന് ദിവസങ്ങളോളം ഈ പ്രദേശം ഒറ്റപ്പെട്ട നിലയിലായിരുന്നു.

ഇടുക്കി ജലസംഭരണിയിലെ ക്രമാതീതമായി ഉയരുന്ന ജലനിരപ്പു നിയന്ത്രിക്കുവാനായി ചെറുതോണി അണക്കെട്ടിന്റെ ഷട്ടറുകൾ ആഗസ്റ്റ് 9 മുതൽ സെപ്റ്റംബർ 7 വരെ തുറന്ന് വെള്ളം പുറത്തേയ്ക്ക് ഒഴുക്കിയിരുന്നു.



അണക്കെട്ടിലെ വെള്ളം തുറന്നു വിട്ടതിന്റെ ഫലമായി ചെറുതോണി പാലത്തിനിരുവശവുമുള്ള റോഡ് തകർന്ന് ചെറുതോണിയിൽ നിന്നും ഇടുക്കിയിലേക്കുള്ള യാത്ര തടസ്സപ്പെട്ടത് പൂർണ്ണമായും പരിഹരിക്കുന്നതേയുള്ളൂ. ചെറുതോണി ബസ് സ്റ്റാന്റ്, സമീപത്തുള്ള കെട്ടിടങ്ങൾ എന്നിവ തകർന്നു.



**ഹോസ്റ്റൽ കെട്ടിടവും തകർന്നു**

ശാന്തിഗ്രാമിലെ ഹോസ്റ്റൽ കെട്ടിടങ്ങളിൽ ഒരെണ്ണം ആഗസ്റ്റ് 15-ാം തീയതി ഉച്ചകഴിഞ്ഞ് ഉണ്ടായ മണ്ണിടിച്ചിലിൽ പിൻവശത്തെ ഭിത്തി തകർന്ന് ഉപയോഗശൂന്യമായി. കെട്ടിടത്തിലുണ്ടായിരുന്നവർ പരിക്കുകളൊന്നുമില്ലാതെ അത്ഭുതകരമായി രക്ഷപ്പെട്ടു.





# GIRIJYOTHI COLLEGE

**Placement Training Programme- 19th April 2018**

A placement Training programme was conducted for the Third year students of the college by Mr. EldhoPaulose on 19th April 2018. As a part of the programme, the placement officer, Mr. Eldho Paulose organized grooming and interactive sessions among students. Group discussion, PowerPoint presentation and quiz programmes were also held. Mr. Mohan Chacko, Administrative Officer and Placement Cell coordinator welcomed the gathering and Mr. Midhun Joy the student representative gave vote of thanks.

**A New Academic Year- 4th June 2018**

The second and final year students of Girijyothi Students made their way back to the second home on 4th June 2018 after the summer vacation. There were new faces among the members of staff, both teaching and non-teaching. All were welcomed warmly and fondly introduced to the students and faculty members by Rev. Fr. TojiPuthenkaduppil CMI, Principal of the college. Thus we began our first academic day with immense hope.

**The World Environment Day- 5th June 2018**

We celebrated the World Environment Day on 5th June 2018. Rev. Fr. Babu Mattathil CMI, Manager, planted a young sapling of a guava tree in front of the college. In addition to that a half day campaign was initiated to fill the potholes of the road from vanchikavala to college. Nature club coordinator Mr. Ouseph Augustine gave a message to the student community about the relevance of protecting our environment. Nature club took an important role in the celebration of the world environmental day.



**Placement Training Programme- 14hJune 2018**

A placement Training programme was conducted for the second year students of the college by Mr. EldhoPaulose on 14thJune 2018. As a part of the programme, the placement officer, Mr. EldhoPaulose organized grooming and interactive sessions among students. Group discussion, PowerPoint presentation and quiz programmes were also held. Mr. Sivaprasad N., Staff Secretary, welcomed the gathering. Fr. BabuMattathil CMI, Manager, Fr. TojiPuthenkaduppil CMI, Principal felicitated the meeting. Mr. Sivaprasad M.S the student representative gave vote of thanks. The programme ended with National Anthem.




**International Yoga Day- 21st June 2018**

Yoga is a physical, mental, spiritual practice which evolved before



thousands of years to embrace the wide range of styles and deciplines which aims to transform human body and mind. In order to celebrate the International Yoga Day, the entire Girijyothi College Family assembled in the auditorium and practiced Yoga. Dr. Jayadev J.T and Dr. Lea Mary John from PainavuAyurvedhaHosepital gave leadership to the programme and trained our staff and students Yoga. Rev. Fr. TojiPuthenkaduppil CMI,Principal,Mr. Sivaprasad N.,Staff Secretary, and Mr. SabuPaulose, NSS Coordinator, made felicitations.

**Welcoming the First Years- 23rd June 2018**

It was a beautiful occasion when the first years came to our college after their successful end to the schooling. The light of knowledge was given to the students by Rev. Fr. BabuMattathil CMI, manager and Rev. Fr. TojiPuthenkaduppil CMI, Principal. Afterwards Principalmade a presentation to the students explaining in detail the history and origin of Girijyothi College, its vision and mission and rules and regulations of the institution. Afterwards, various orientation programmeswere conducted for the students by the teachers on university academic programme, study methodology and good personality development.

**International Academic Discussions in Girijyothi College- 27th June 2018**

One of the Researchers of Oxford University and the Representative of UNO, Mr. Albert Van Wijngaarden visited our college and shared some valuable hours with our students. After a long speech about various topics like research, parliamentary matters, E-commerce, International Trade and Monetary affairs, he interacted with our students. He also gave some valuable information about Oxford University and advised the students to join there for higher studies and research by availing scholarship benefits. On the occasion, the management of Girijyothi College reiterated their commitment to groom and



develop our student's community to an international level. The programme was convened by the leadership of E.D Club. Rev. Fr. TojiPuthenkaduppil CMI,Principal, Mr. Sivaprasad N.,Staff Secretary,Ms. Sobhanakumari K.S, Academic Coordinator, Mr. Mathukutty K.M, Department of English, and made speeches in this occasion.

**Support for Kuttanadu- 6$^{TH}$ August 2018**

A dangerous flood hits kuttanadu and the lives of people with heavy damages. The flood water submerged the entire region andforceda large number of families to leave their homes and settled in relief camps. The Disaster struck us unexpectedly and caused extensive damage to the state's infrastructure also. There are losses of houses, appliances and domestic animals in the wake of the disastrous floods that hit the region in the early August. Our college under the leadership of NSS Unit raised in the need of the hour and helped the flood affected people ofKuttanadu. They collected essential materials from our students, staff and various shops in an around cheruthoni and the same was handed over to Rev. Fr. Mathew Manjakunnel, The Director, Social Welfare Wing of Muvattupuzha CMI Province. The whole relief stuff costs about Rs. 60,000. It was a benchmarking involvement of the college.



**Freshers Day- 8$^{th}$ August 2018**

In our college, freshers day was celebrated on 8$^{th}$ August 2018. It is a welcome party to the new comers and the programme stressed the need for maintaining friendliness and cooperation among students. Our senior students gave a grant welcome to the juniors. They welcomed the juniors by offering sweets and warm words of appreciation. Juniors were given various tasks to introduce them to the college. It was accompanied by many colorful events and programs.



**Teachers Day Celebration- 5$^{th}$ September 2018**

Girijyothi College celebrated teacher's day on September 5, 2018 with

great zeal and zest. The students voluntary came forward to take over the duties of the teachers and presented classes at each class. A special meeting was held in the auditorium in which the students paid homage to their teachers through poems and speeches.Mr. Sivaprasad N, the staff secretary, thanked the students on behalf of the staff. They cut a cake as a token of appreciation. Students honoured teachers by exchanging flowers and words of appreciation. KumariSreekuttySoman and Mr. Nikhil Anil delivered felicitations.




# ST. JOSEPH'S CARMEL HOUSE, VATTAVADA

**വട്ടവടയുടെ സാരഥി ഫിലിപ്പൈൻസിലേക്ക്**

വട്ടവടയിൽ രണ്ടു ദശാബ്ദത്തോളം സേവനമനുഷ്ഠിച്ച വിൻസച്ചൻ തന്റെ ദീർഘകാലസേവനരംഗത്തോട് വിടപറഞ്ഞ് ഫിലിപ്പൈൻസിലേക്ക് യാത്രയായി. നന്മനിറഞ്ഞ യാത്രാമംഗളങ്ങൾ.

**കരിംകോഴിയുടെ പരീക്ഷണം**

ആയുർവേദത്തിൽ ഔഷധഗുണമുള്ളതായി പറയുന്ന കരിംകോഴിയുടെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ട് അവയുടെ പാലനം നെല്ലിക്കലച്ചന്റെ നേതൃത്വത്തിലാരംഭിച്ചിരിക്കുന്നു. ജോഷിയച്ചനും ചാക്കോച്ചനച്ചനും പിന്തുണയായിട്ടുണ്ട്.

# ST. MARY'S ASHRAM, KAITHAPPARA

വെള്ളപ്പൊക്കവും ഉരുൾപൊട്ടലും കൈതപ്പാറയെ ഒറ്റപ്പെടുത്തി. വലിയ ദുരന്തത്തിലാക്കിയെങ്കിലും അതിജീവനത്തിന്റെ വഴിയിലാണ് ബിനോയി ചാത്തനാട്ടച്ചനും ഇടവകാംഗങ്ങളും. ഇടുക്കിയിൽ നിന്നും വണ്ണപ്പുറത്തു നിന്നുമുള്ള റോഡുകൾ വീതികൂട്ടി വരുന്നു. ഭാവിയിൽ സുന്ദരമായ ജനവാസ കേന്ദ്രമാക്കി മാറ്റുകയെന്നതാണ് ഏവരുടെയും ലക്ഷ്യം. സ്വപ്നം സാഷാത്കരിക്കുവാൻ എല്ലാ വിധ സഹായ സഹകരണങ്ങളും ഇപ്പോൾ ലഭിച്ചുവരുന്നു.

**ചാവറ സ്കോളർഷിപ്പ്**

കാർമ്മൽ പ്രൊവിൻസിന്റെ സാമൂഹ്യ വകുപ്പിന്റെ സഹായത്തോടെ കൈതപ്പാറയിലെ രണ്ട് നഴ്സിങ്ങ് കുട്ടികൾക്ക് ചാവറ സ്കോളർഷിപ്പ് നല്കി സഹായിച്ചുവരുന്നു.

**ഗോഗ്രീൻ കൈതപ്പാറ**

കൈതപ്പാറ ഭവനത്തോടനുബന്ധിച്ച് വിവിധയിനം കൃഷിയും പച്ചക്കറിയും സമൃദ്ധമായി വിളയുന്നു. നല്ല ശുദ്ധജലമത്സ്യം ഇവിടെ നന്നായി വളരുന്നു. വിഷമില്ലാത്ത ഭക്ഷണം വിശ്വസിച്ച് ആസ്വദിക്കുവാൻ കൈതപ്പാറയിലേക്ക് ഏവർക്കും സ്വാഗതം.

# JYOTHIDARSANA, PULLUVAZHY

- ജ്യോതിദർശനയുടെ സ്ഥാപകഡയറക്ടർ ജോസ് മാപ്പിളമാട്ടേൽ അച്ചൻ രണ്ട് വർഷത്തെ അജപാലനശുശ്രൂഷയ്ക്കും കൗൺസിലിംഗ് സെന്ററിന്റെ ഭൗതിക വളർച്ചയ്ക്കും വേണ്ടി അമേരിക്കയിലേയ്ക്ക് ജൂൺ 18-ാം തീയതി യാത്രയായി.
- ജ്യോതിദർശനയുടെ പുതിയ ഡയറക്ടർ ആയി അഭിലാഷ് പതിപ്പള്ളിയച്ചനെ നിയമിച്ചു.
- Cool Summer 2018-കുട്ടികളുടെ വ്യക്തിത്വവികസന ക്യാമ്പ് ഏപ്രിൽ, മെയ് മാസങ്ങളിൽ നടത്തുകയുണ്ടായി. അഞ്ച് ദിവസത്തെ ക്യാമ്പിലുമായി 70 കുട്ടികൾ പങ്കെടുത്തു. മാന്നാനം സൈക്കോളജി ഡിപ്പാർട്ടുമെന്റിലെ സൈക്കോളജിസ്റ്റുകൾ ക്യാമ്പുകൾക്ക് നേതൃത്വം നൽകി.
- റെസിഡൻൻഷ്യൽ കൗൺസിലിങ്ങിനുവേണ്ടി ജ്യോതി ദർശനയിൽ രണ്ട് മുറികൾ തയ്യാറാക്കി. മൂന്ന് ദിവസത്തെ ഫാമിലി കൗൺസിലിംഗ്, തെറാപ്പി എന്നിവയ്ക്കായി ആളുകൾ വരുന്നു.
- ജോർജ് മാടപ്പള്ളിക്കുന്നേൽ അച്ചൻ മികച്ച കർഷകൻ ആകാനുള്ള പരിശ്രമത്തിലാണ്. കൃഷി പണികളിൽ വളരെ തൽപ്പരനായി ജ്യോതി ദർശനയെ പച്ചപ്പ് അണിയിക്കുന്നു.
- പ്രളയ ബാധിതർക്ക് ആശ്വാസവുമായി പെരുമ്പാവൂർ, വല്ലം, ചേലാമറ്റം, മങ്കുഴി, കാരിക്കോട്, പുല്ലുവഴി തുടങ്ങിയ പ്രളയബാധിത പ്രദേശങ്ങളിൽ കൗൺസിലിംഗ് സഹായവും ഭക്ഷണങ്ങളും വസ്ത്രങ്ങളും ജ്യോതിദർശനടീം എത്തിച്ചു. രണ്ട് നേഴ്സുമാരും മൂന്ന് സൈക്കോളജിസ്റ്റുകളും ഒരാഴ്ചക്കാലം ഈ പ്രദേശങ്ങൾ സന്ദർശിക്കുകയും സഹായിക്കുകയും ചെയ്തു.
- ഓഗസ്റ്റ് 19-ാം തീയതി പ്രൊവിൻഷ്യാളച്ചനും സാമൂഹ്യവകുപ്പ് കൗൺസിലർ അച്ചനും ഉൾപ്പെട്ട സംഘം ഇവിടെ വരികയും ക്യാമ്പുകൾ പ്രളയബാധിത പ്രദേശങ്ങൾ എന്നിവ സന്ദർശിച്ച് ആശ്വാസം പകരുകയും ചെയ്തു.

# SANJO CMI BHAVAN, MALUR

സാൻജോ ഭവൻ ആലമ്പാടിയിലേക്ക് വാനമ്പാടിയായി ഫിലി പ്പൈൻസിൽ നിന്നും ഒരു ഡോക്ടർ എത്തിയിരിക്കുന്നു-റവ.ഫാ.രാജേഷ് സി.എം.ഐ. മാളൂർ മിഷനറിയായി ആദ്യകാല സേവനരംഗത്ത് ഉണ്ടായി രുന്ന രാജേഷച്ചന് ആലമ്പാടി പുത്തരിയല്ല. എല്ലാ ഭാവുകങ്ങളും നേരുന്നു. ക്രൈസ്റ്റ് കോളേജിൽ സേവനം ആരംഭിച്ചുകഴിഞ്ഞു.

**ക്രൈസ്റ്റ് ഇന്റർനാഷണൽ സ്കൂൾ**

ആലമ്പാടി ക്രൈസ്റ്റ് ഇന്റർനാഷണൽ സ്കൂൾ കെട്ടിടത്തിന്റെ നാലാം നില യുടെ പണികൾ പുരോഗമിക്കുന്നു. ജനുവരി മാസത്തോടെ പണിപൂർത്തീ കരിക്കുവാനുള്ള ശ്രമത്തിലാണ് പ്രിൻസിപ്പൽ, ഫാ. ജോബി പാലിയത്തിന് ഭാവുകങ്ങൾ നേരുന്നു...

**ക്രൈസ്റ്റ് കോളേജ് ആലമ്പാടി**

ക്രൈസ്റ്റ് കോളേജ് വിജയപാതയിൽ മുന്നേറുന്നു. നല്ല വിജയശതമാ നവും തിരക്കേറിയ അഡ്മിഷനുകളും കോളേജിന് ശുഭകരമായ ഭാവി നല്കു ന്നു. ഈ വർഷം എല്ലാ കോഴ്സുകളിലേക്കും കുട്ടികളെ ധാരാളമായി ലഭിച്ചു എന്നത് അഭിമാനകരമായ നേട്ടമായി പ്രിൻസിപ്പാൾ ഫാ.റിനോജ് പറയുന്നു.

**ക്രൈസ്റ്റ് പി.യു കോളേജ്**

പി.യു കോളേജ് ഫുൾസീറ്റ് കുട്ടികളെ എടുത്തുകൊണ്ട് വിജയ ഗാഥ തുടരുന്നു. പുതിയ കെട്ടിടത്തിൽ കൂടുതൽ സൗകര്യത്തോടുകൂടി ഫാ.ജിബി കോളേജിനെ നല്ല രീതിയിൽ നയിച്ചുകൊണ്ടിരിക്കുന്നു. അഭിന ന്ദനങ്ങൾ...

# ST.MARY'S CMI CATHOLIC ASHRAM, PATIALA

സെന്റ് മേരീസ് സ്കൂളിന്റെ അസ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെയും കിന്റർഗാർഡന്റെയും പണികൾ ധ്രുതഗതിയിൽ നടക്കുന്നു. ഫാ.ജോൺ തലച്ചിറ പണികൾക്ക് ചുക്കാൻ പിടിക്കുന്നു. മാർച്ച് മാസത്തോടെ പണി കൾ തീർക്കാനുള്ള പരിശ്രമത്തിലാണിപ്പോൾ. ഭാവുകങ്ങൾ നേരുന്നു.

**ഫാ. പോൾ കടാംകുളം തിരക്കിലാണ്...**

പ്രിൻസിപ്പിലായി ചാർജ്ജെടുത്ത ഫാ.പോൾ കടാംകുളം ഇപ്പോൾ വലിയ തിരക്കിലാണ്. വർഷങ്ങളുടെ പരിചയം ജോലി എളുപ്പമാക്കുന്നു ണ്ട്. ഫാ.ഡെന്നീസിന്റെ കരുത്തുറ്റ സഹായവും തുണയായിട്ടുണ്ട്.

**എസ്.എച്ച് സ്കൂൾ**

സേക്രട്ടസ് ഹാർട്ട് സ്കൂളിന് പുതിയ രൂപവും ഭാവവും നല്കി വളർത്തിയെടുക്കുവാൻ അതീവ പരിശ്രമത്തിലാണ് ഫാ.ജോസ് കടുവ നാലും ഫാ.ജോബും. പുതിയ കെട്ടിടത്തിന്റെ പണികൾ അവസാനമിനു ക്കുപണിയിലെത്തി. എല്ലാ മംഗളങ്ങളും നേരുന്നു.

# ധർമ്മാരാം വാർത്തകൾ

**കാർമ്മൽ സമവായത്തിൽ അംഗബലം 31**

ബഹു. ജിയോ പള്ളിക്കുന്നേൽ അച്ചന്റെയും ജോയി കിഴക്കയിൽ അച്ചന്റെയും നേതൃത്വത്തിൽ 7 വൈദികരും 12 ദൈവശാസ്ത്ര പഠനശെമ്മാശ്ശന്മാരും 4 ഡിഗ്രി പഠനശെമ്മാശ്ശന്മാരും 8 തത്വശാസ്ത്ര പഠനക്കാരുമായി 31 പേരാണ് കാർമ്മൽ സമവായത്തിന്റെ ഈ വർഷത്തെ അംഗബലം.

**നെഞ്ചുവിരിച്ച് പുലിക്കുട്ടികൾ**

ധർമ്മാരാമിനെ മുന്നിൽ നിന്ന് നയിക്കാൻ 2018-19 ലെ ജനറൽ ബീഡിൽ ആയി തെരഞ്ഞെടുക്കപ്പെട്ട ജിയോ കാരിവേലി ശെമ്മാശ്ശനും അസിസ്റ്റന്റ് ജനറൽ ബീഡിൽ ആയി തെരഞ്ഞെടുക്കപ്പെട്ട പോൾ കല്ലിയാടിക്കൽ ശെമ്മാശ്ശനും എൽ.സി.എ. അസിസ്റ്റന്റ് സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട ഡെൽവിൻ വാളികുളത്ത് ശെമ്മാശ്ശനും അഭിനന്ദനങ്ങൾ. ഇവരുടെ നേതൃത്വ പാടവവും സേവനമനോഭാവവും കാർമ്മൽ പ്രോവിൻസിനെ സംബന്ധിച്ച് അഭിമാനാർഹമാണ്. മൂവർക്കും വിജയാശംസകൾ.

**ഊഷ്മള വരവേല്പ്പ്**

കാർമ്മൽ പ്രോവിൻസിൽ നിത്യവ്രതാർപ്പണം നടത്തിയ റെജിൻ കീച്ചേരിൽ, ജോമിത്ത് ചക്കിരിയാംതടത്തിൽ, ലിബിൻ വടക്കേകുളത്ത് ശെമ്മാശ്ശന്മാർക്കും, ജർമ്മൻ പഠനത്തിനായി കാർമ്മൽ സമവായത്തോടൊപ്പം ചേർന്ന ക്ലിന്റ് കാരക്കാംതൊട്ടിയിൽ, ഷിന്റോ കാഞ്ഞിരമറ്റം അച്ചന്മാർക്കും തിയോളജി പഠനത്തിനു ഫിലോസഫി പഠത്തിനും ഡിഗ്രി പഠനത്തിനുമായി എത്തിയ ശെമ്മാശ്ശന്മാർക്കും ഊഷ്മളമായ വരവേല്പ്പും സ്വാഗതവും ധർമ്മാരാം കാർമൽ കൂട്ടായ്മയിൽ നടത്തി. എല്ലാവർക്കും പ്രാർത്ഥനാശംസകൾ.

**പ്രാർത്ഥനയും പഠനവും പണിയും പിന്നെ കളിയും**

പ്രാർത്ഥനയോടും പഠനത്തോടുമൊപ്പം പൂന്തോട്ടങ്ങളാലും പച്ചക്കറികളാലും ഹരിത വിപ്ലവം തന്നെയാണ് ഈ വർഷം ധർമ്മാരാമിൽ. എല്ലുമുറിയെ പണിയെടുത്ത് ധർമ്മാരാം തോട്ടങ്ങളിലും മൈതാനത്തും നമ്മുടെ ശെമ്മാശന്മാർ നിറസാന്നിദ്ധ്യമാണ്.

**ജനറാളച്ചന്റെ വിസീത്ത**

ജൂലൈ മാസം ജനറാളച്ചന്റെ കാനോനിക സന്ദർശനമായിരുന്നു. എല്ലാ അച്ചന്മാരേയും ശെമ്മാന്മാരേയും വ്യക്തിപരമായി കണ്ട് സംസാരിച്ച് വേണ്ട നിർദ്ദേശങ്ങൾ നല്കിയ ജനറാളച്ചന് പ്രത്യേകം നന്ദി.

**സന്തോഷം പങ്കിടാൻ**

കഴിഞ്ഞ വർഷവും ഈ വർഷവുമായി ബഹു. പ്രൊവിൻഷ്യാളച്ച നും ബഹു. വിനീത് വാഴേക്കുടി അച്ചനും സാമ്പത്തിക വകുപ്പ് തലവൻ ബഹു. ബിനോയി പാലക്കുഴ അച്ചനും ഒപ്പം കേരളത്തിനകത്തും പുറത്തുമായി വിവിധ സന്യാസ ജോലികൾ നിർവഹിക്കുന്ന ബഹു. വൈദികരും ഞങ്ങളെ സന്ദർശിച്ച് ഞങ്ങളെ സന്തുഷ്ടരാക്കി. എല്ലാ വർക്കും പ്രത്യേകം നന്ദി. കാർമ്മൽ സമവായം പ്രതീക്ഷയോടെ എല്ലാവ രേയും കാത്തിരിക്കുന്നു.

**കേരളക്കരയെ നെഞ്ചോട് ചേർത്ത് ധർമ്മാരാമും**

കേരളത്തിലെ സ്വന്തം ബന്ധുജനങ്ങളുടെ വേദനകൾ മനസ്സിലാക്കു വാനും ജാതിയുടേയോ മതത്തിന്റെയോ അതിർവരമ്പുകൾക്കപ്പുറം അവരെ സഹായിക്കാനുമായി ധർമ്മാരാം ശെമ്മാശന്മാർ വിവിധ ഗ്രൂപ്പുക ളായി തിരിഞ്ഞ്, മൂവാറ്റുപുഴ, തൃശ്ശൂർ, ഇടുക്കി, ചാലക്കുടി, എറണാകുളം, കുട്ടനാട്, CSR പരിസരം, കൂനമ്മാവ് മുതലായ സ്ഥലങ്ങളിലേക്ക് പോവുകയുണ്ടായി. സഹായ മനസ്കതയോടെ മുന്നിട്ടിറങ്ങി നേതൃത്വം നല്കിയ കാർമ്മൽ പ്രൊവിൻസിന്റെ അഭിമാനം ഫെനിൽ കാരിക്കാകു ന്നേൽ അച്ചന് പ്രത്യേകം നന്ദി.

**ഓണം വന്നു... പോയി...**

ഈ വർഷം ധർമ്മാരാമിൽ ഓണാഘോഷ പരിപാടികൾ അച്ചന്മാരു ടെയും ശെമ്മാശന്മാരുടെയും അഭ്യർത്ഥനയെ മാനിച്ച് ഉണ്ടായിരുന്നില്ല. എല്ലാവർഷവും നടത്താറുള്ള പൂക്കള മത്സരവും ഓണനിലാവും നാടൻ പാട്ടുമത്സരവും വടം വലിയും ഓണ സദ്യയും വേണ്ട എന്ന് വെച്ച് പണം കേരള റിലീഫ് ഫണ്ടിലേക്ക് ശേഖരിച്ചു. അതോടൊപ്പം ഒരാഴ്ചത്തേക്ക് ആരാധനയും നടത്തി കേരള കരയുടെ വേദനയോടൊപ്പം ഞങ്ങളും പങ്കു ചേർന്നു.

**പാവനസ്മരണയ്ക്ക്**

കാർമ്മൽ സമവായത്തിന്റെ നെടും തൂണായ ക്ലിന്റ് കാരിക്കാകുന്നേ ലച്ചന്റെ സഹോദരന്റെ ആകസ്മിക വേർപാടിൽ അച്ചനോടും കുടുംബാംഗ ങ്ങളോടുമൊപ്പം നമ്മളും ദുഃഖിതരാണ്. ധർമ്മാരാം കാർമ്മൽ കൂട്ടായ്മ യുടെ പ്രാർത്ഥനകൾ ക്ലിന്റച്ചനോടും കുടുംബത്തോടുമൊപ്പം എന്നുമുണ്ടാ കും. എല്ലാം അറിയുന്ന ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

# INTERNATIONAL NEWS

## NETHERLAND

ഇവിടെ ഞങ്ങൾ ദൈവാനുഗ്രഹത്താൽ സുഖമായിരിക്കുന്നു.
പഠനവും ഗവേഷണവും പരോഗമിക്കുന്നു.

ബഹു. പ്രൊവിൻഷ്യൾ അച്ചനും, മാത്യു മഞ്ഞക്കുന്നേൽ അച്ചനും Utrecht -ലെ ഞങ്ങളുടെ യൂണിവേഴ്സിറ്റി വർക്കിങ് ക്യാംപസ് 2018 ജൂൺ അഞ്ചിന് സന്ദർശിച്ചു. ഫാക്കല്റ്റിയിൽ നിന്നും ബഹുമാനപ്പെട്ട ഡീൻ പ്രൊഫ. ഹെങ്ക്, പ്രൊഫ. അർഹി ബാൾഡ് എന്നിവർ ഹൃദ്യമായ സ്വീകരണം നൽകി.



ജർമനിയിൽ വെച്ച് നടത്തപ്പെട്ട നവീകരണ പ്രോഗ്രാമിൽ ഞങ്ങളും പങ്കുചേർന്നു.

The European Society for Philosophy of Religion, Prague - ൽ, സംഘടിപ്പിച്ച കോൺഫ്രൻസിൽ ഏഷ്യയെ പ്രതിനിധീകരിച്ച് 2018 ഓഗസ്റ്റ് 30 ന്, ഫാ.ജെഫ് പ്രബന്ധം അവതരിപ്പിച്ചു.

സ്നേഹപൂർവ്വം,
ഫാ. പ്രതീഷ് & ഫാ. ജെഫ്

## USA

- Carmel community at the Diocese of Tulsa and Eastern Oklahoma gathered at the residence of Fr. John Vianney Choorackunnel, and celebrated his 81st birthday on 22nd April evening.
- On May 6th Sunday Fr. Jose Thottathil's aunt Eleykutty Jose Nedungatt passed away. I thank sincerely to Rev. Fr. Provincial and other members who went my aunt's house, and prayed for her in my absence.
- Fr. John V. Choorakunnel, Fr. Thomas Kalambadan and L. F. Jose attended the three day convocation arranged for the priests of the Diocese at Bentonville, Arkansas, from June 18 to 22
- The Carmel community celebrated the feast of Fr. Thomas Kalambadan on 2nd of July at Fr. John Choorakunnel' appartment.

- Fr. Jose Thottathil went to Brampton, Ontario, Canada, on July 6th to baptize his grand niece on July 8th Sunday at the Syro Malabar Cathedral Church. From there he went to the CMI North American triennial renewal program at St. Meinard Archabbey, at Indiana State, USA, from July 10 to 13. Frs. John and Thomas came to the program together on July 10th.
- Our Provincial Visited each one of us from 19 to 22 of July and stayed with each one of us a day each. It was a very pleasant experience for the Carmel community in Tulsa. Fr. Provincial also paid a visit to the local ordinary Bp. David Konderla on 20 Friday afternoon along with all of us. We had a good time with the bishop.
- On August 5th Sunday evening the Carmel community celebrated the feast of Fr. J. Vianney Choorakunnel at the apartment of Fr. John.

## NEW YORK

Greetings from Notre Dame Church, New York. The parish ministry as associate pastor began on July1st at Notre Dame Church, New York in the Rockville Centre Diocese in Long Island, 8$^{th}$ biggest Diocese in USA. Notre Dame Parish is known to me, since I was coming for summer ministry for the last 7 years. We have a new Pastor, Fr. Joseph Scolaro, an young and dynamic priest. Besides, there are 2 resident priests, and 2 deacons.

On Sunday, we have 7 masses of which one is in Spanish. There are 1500 registered parishners, mainly of Irish and Italian background. There are a good number of Indians and other Asians in my parish. One of the reasons that they gave this church is to look after the spiritual needs of the Asian community in the parish. We have an Elementary school which is going well.

**Joint Feat of St. Thomas and St. Chavara**

On July 20$^{th,}$ we celebrated the Joint feast of St. Thomas and St. Chavara, with Solemn Mass and procession same as in Kerala, including 'Chenda Melam' and sumptious Dinner. There were 11 priests for the concelebration and my pastor was the main celebrant. The homily was preached by Mc Kevin Brain, who came to India and visited the Tomb of St. Chavara at Mannanam. Around 250 people participated in the celebration.

**Kerala Flood Relief Fund**

A collection will be taken in my parish for the flood victims of Kerala. I have also collected some money through Face book friends and sent to Pulluvazhy for relief camps run by Jyothidarsana.

**Forthcoming events planned:**

We are going to an International Food festival soon, to celebrate the cultural diversity of the land and to understand the various cultures and life styles of people from other countries. I am planning to start St. Chavara Novena and a mass soon. In October we are planning Solemn Rosary Devotion for the Parish.

**Fr. Joe's Corner:** Introducing 'Chavarul' to the parishners

We have started a column in Parish Bulletin, Testament of a Loving Father. It got wide attention and parishners start talking about it.

## ROME

### Doctoral Defense of Fr. Siby Kavattu CMI

Fr. Siby Kuriakose Kavattu CMI completed his research titled 'Divine Pedagogy in Creation: An Enquiry into the Roots of the Idea of Creation as an Act of Teaching in the School of Nisibis' under Prof. Fr. Massimo Pampaloni SJ, from the faculty of Oriental Ecclesiastical Studies in the Pontifical Oriental Institute, Rome. He successfully defended his Doctoral Dissertation at PIO, on 19 June 2018.



# കടപ്പാട്...

കർമ്മലധ്വനിയുടെ ആസ്വാദകർക്ക്,

ധ്വനി ഒരു തുടർച്ചയാണ്...

ഏതോ ഒരു ഉറവിടത്തിൽ നിന്നും ഉയിർകൊണ്ട ശബ്ദത്തിന്റെ തുടർച്ചമാത്രം...

ഉറവിടങ്ങൾ ഇല്ലെങ്കിൽ ധ്വനിയില്ല... അലകളില്ല...

ഉറവിടങ്ങളിൽ നിന്നും ചിലമനസ്സുകളിൽ തട്ടുമ്പോൾ അത് പ്രതിധ്വനിയായി മാറുന്നു... അലകളായി മാറുന്നു...

ഇവിടെ ഉറവിടങ്ങളും മനസ്സുകളും എല്ലാം നമ്മൾതന്നെ...

നമ്മൾതന്നെ തീർത്ത ഈ ധ്വനികൾ ഇനിയും അനേകം മനസ്സുകളിൽ പ്രതിധ്വനികളായി തീരട്ടെ. അനേകം ദൂരങ്ങൾ താണ്ടട്ടെ...

നിറഞ്ഞ മനസ്സോടെ ചേർന്നുനിന്ന എല്ലാ സുമനസ്സുകൾക്കും ഒത്തിരി സ്നേഹത്തോടെ നന്ദി...

ലോകാ സമസ്താ സുഖിനോ ഭവന്തു...!

സ്നേഹപൂർവ്വം

ഫാ. എബിൻ കല്ലറയ്ക്കൽ സി. എം. ഐ.



25 YEARS SILVER JUBILEE

CMI CARMEL PROVINCE

1994 - 2019

MUVATTUPUZHA